ഇന്ത്യൻ ചർച്ച് ഓഫ് ക്രൈസ്റ്റ് - കേരള റീജിയൺ

അവതരിപ്പിക്കുന്നു

# മഹാത്ഭുതങ്ങളുടെ ഉടയോൻ - 2

**പഴയനിയമത്തിലെ അത്ഭുതങ്ങളിൽ നിന്നുള്ള പ്രാർത്ഥനാസമയ സഹായി**

**നവംബർ-ഡിസംബർ 2012**

**കൃത്യനിഷ്ടതയെക്കുറിച്ചുള്ള കുറിപ്പുകൾ:**

(ഓരോദിവസത്തെയും വെല്ലുവിളികൾ എങ്ങിനെ ചെയ്തുവെന്ന് രേഖപ്പെടുത്തുക)

ദിനം 1...............................................................

ദിനം 2...............................................................

ദിനം 3...............................................................

ദിനം 4...............................................................

ദിനം 5...............................................................

ദിനം 6...............................................................

ദിനം 7...............................................................

ദിനം 8...............................................................

ദിനം 9...............................................................

ദിനം 10.............................................................

ദിനം 11.............................................................

ദിനം 12.............................................................

ദിനം 13.............................................................

ദിനം 14.............................................................

ദിനം 15.............................................................

ദിനം 16.............................................................

ദിനം 17.............................................................

ദിനം 18.............................................................

ദിനം 19.............................................................

ദിനം 20.............................................................

ദിനം 21.............................................................

ദിനം 22.............................................................

ദിനം 23.............................................................

ദിനം 24.............................................................

ദിനം 25.............................................................

ദിനം 26.............................................................

ദിനം 27.............................................................

ദിനം 28.............................................................

ദിനം 29.............................................................

ദിനം 30.............................................................

ദിനം 31.............................................................

ദിനം 32.............................................................

ദിനം 33.............................................................

ദിനം 34.............................................................

ദിനം 35.............................................................

ദിനം 36.............................................................

ദിനം 37.............................................................

ദിനം 38.............................................................

ദിനം 39.............................................................

ദിനം 40.............................................................

# 1. ശൂന്യതയിൽ നിന്നും

## ഉൽപ്പത്തി 1:1–3

അതിശയമുളവാക്കുന്ന സ്രഷ്ടാവാണ് നമ്മുടെ ദൈവം. അവൻ എല്ലാം നൽകുന്നവനും എല്ലാറ്റിനെയും നിലനിർത്തുന്നവനുമാണ് (അപ്പ 17:24 -26). ശ്യൂന്യതയിൽ നിന്നാണ് അവനിതെല്ലാം സൃഷ്ടിച്ചതെന്നതിലാണ് ഇക്കാണുന്നതിന്റെ സൗന്ദര്യം.

ശ്യൂന്യതയിൽനിന്നും ഇക്കാണുന്നതെല്ലാം ദൈവം സൃഷ്ടിച്ചുവെന്നത് നമുക്ക് അപ്രമേയമായ കാര്യംതന്നെയാണ് - നമ്മുടെ ഗ്രഹണശക്തിക്കും, സങ്കൽപ്പങ്ങൾക്കും അപ്പുറമുള്ളത്. ചുവപ്പുകളർ എന്താണെന്ന് ഒരു അന്ധനെ പറഞ്ഞുമനസ്സിലാക്കുന്നതുപോലെ അസാദ്ധ്യമായ ഒന്ന്. ഇവിടെയാണ് ദൈവത്തെ പ്രസാദിപ്പിക്കാൻ നമുക്ക് വിശ്വാസംവേണ്ടിവരുന്നത്. കാരണം നമ്മുടെ യുക്തി നിസ്സാരമായതാണ്. ദൈവം സൃഷ്ടിച്ച ഈപ്രപഞ്ചം എത്ര വിസ്മയാവഹമാണ്? ഒരു വാനനിരീക്ഷണശാലയിൽപ്പോയാൽ നമുക്ക് ആകാശത്തിലെ അത്ഭുതങ്ങളെ വളരെയടുത്തു കണ്ട് വിസ്മയഭരിതരാകാൻ കഴിയും. എന്നാൽ നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽനോക്കി, നമ്മുടെ ഹൃദയത്തിന്റെയും ജീവിതത്തിന്റയും ശ്യൂന്യതലങ്ങളിൽ എത്രമാത്രം ദൈവസാന്നിദ്ധ്യമുണ്ടെന്നുകാണുന്നതാണ് ഇതിലും ഏറെ വിസ്മയം ജനിപ്പിക്കുന്ന കാര്യം.

ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം തികച്ചും ശ്രേഷ്ടമാണ്. എന്നാൽ കാണാൻ കഴിയാത്ത കാര്യങ്ങൾ ഗ്രഹിക്കാൻ നമുക്കു പ്രയാസമുള്ളതുപോലെ സ്വർഗ്ഗത്തെയും ദൈവത്തെയും ഗ്രഹിക്കാൻ നമുക്കു പ്രയാസമുണ്ട്. അപ്പസ്തോലർ ആവശ്യപ്പെട്ടതുപോലെ, എന്റെയും നിങ്ങളുടെയും വിശ്വാസം വർദ്ധിക്കപ്പെടേണ്ടതുണ്ട് - നമ്മിലെ വിശ്വാസവും നന്മയും നശിപ്പിക്കുന്ന ഈലോകത്തിലെ തിന്മയുടെ അവസാനിക്കാത്ത രാക്ഷസത്തിരമാലകൾക്കുമുന്നിൽ ദൈവത്തിനു പ്രസാദകരവും സ്വീകാര്യവുമായ ഒരു ജീവിതം നയിക്കാൻ. കടന്നുവരുന്ന ഓരോദിവസത്തിലും വർദ്ധിതമായ വിശ്വാസത്തിന്റെ ആവശ്യം കൂടിക്കൂടി വരികയുമാണ്. വചനങ്ങളിലേക്കു നോക്കുകയെന്നതാണ് ശരിയായ പോംവഴി - പ്രത്യേകിച്ച് ദൈവം പ്രവർത്തിച്ച അത്ഭുതങ്ങളിലേക്ക്.

നമ്മുടെ ദൈവം ഒന്നുമില്ലായ്മയുടെയും കർത്താവാണ്. നിങ്ങളുടെ ജീവിതം ശ്യന്യമാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ വിഷമിക്കേണ്ട - ദൈവം ശ്യൂന്യതയുടെയും ദൈവമാണ്. ദൃഷ്ടി ഉയർത്തി ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കുക! നമ്മിലെ ശുന്യതയിൽ ഈ അഖിലാണ്ഡത്തിനു സമമായ കാര്യങ്ങൾ പ്രവർത്തിക്കാൻ ദൈവത്തിനാകും - ആ ശൂന്യത നമ്മൾ ഏറ്റുപറഞ്ഞ് അവിടത്തെ ഏൽപ്പിക്കുമ്പോൾ. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ ഒരുപുതുയുഗം വാർത്തെടുക്കാൻ നമുക്കാവട്ടെ.

**പ്രാർത്ഥനാശയം:** പുറത്തുപോയി, പ്രകൃതിയെ നോക്കി ദൈവസൃഷ്ടികളെ ഓർത്തു ദൈവത്തെ സ്തുതിക്കുക.

# 2. വിശിഷ്ടനായ മനുഷ്യൻ

## ഉൽപ്പത്തി 1:26–28

തന്റെ കണ്ണിൽ അതിവിശിഷ്ടമെന്നു തോന്നുന്നവിധം മഹനീയമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തെയും സഹജീവികളെയും സ്നേഹിക്കാനുള്ള കഴിവുകളോടെ അവൻ നമ്മെ സൃഷ്ടിച്ചു. നമ്മെയും മറ്റുള്ളവരെയും ശരിയായി പരിപാലിക്കാനുള്ള വരങ്ങളും നൽകി. സൃഷ്ടിയുടെ മർമ്മം അവൻ നമുക്കായി വെളിപ്പെടുത്തി, സൃഷ്ടികളുടെമേലുള്ള അധീശത്വവും നമുക്കു നൽകി. ചിന്തയും വികാരങ്ങളും, അറിയലും അറിയിപ്പിക്കപ്പെടലും, സ്നേഹിക്കലും സ്നേഹിക്കപ്പെടലും, നന്മ-തിന്മകളെക്കുറിച്ചുള്ള തിരിച്ചറിവും അവൻ നമുക്കു നൽകി.

തീർച്ചായും നാം അവന്റെ ച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്. ഭയങ്കരവും അത്ഭുതകരവുമായി അവൻ നമ്മെ സൃഷ്ടിച്ചു (സങ്കീ 139:14).

വ്യക്തിപരമായി അവൻ നമുക്കുവേണ്ടി ഒരുക്കിയിട്ടുള്ള പദ്ധതികൾ, നമ്മെ സ്നേഹിക്കാനും കരുതുവാനും അനുഗ്രഹിക്കുവാനുമായി ദൈവത്തിന്റെ ഹൃദയം എത്ര ഒരുങ്ങിയിരിക്കുന്നു എന്ന് വെളിപ്പെടുത്തുന്നു. ഓരോ പ്രഭാതവും സ്ഥിരീകരിക്കുന്നു. ഓരോ മഴത്തുള്ളിയും അതിനെ സൂചിപ്പിക്കുന്നു. മാറുന്ന ഓരോ കാലാവസ്ഥയും അതുപ്രസ്താവിക്കുന്നു. പിറന്നുവീഴുന്ന ഓരോശിശുവും അതുറപ്പുനൽകുന്നു. ഓരോ ഇളം കാറ്റും അതിനെ തലോടുന്നു. ഓരോ സൂര്യോദയവും അതിനെ ഓർമ്മിപ്പിക്കുന്നു. ഒരോ സുര്യാസ്തമനവും അത് അച്ചട്ടാക്കുന്നു. ഒരോ പൂവും അതിനെക്കുറിച്ചു വാചാലമാകുന്നു. ഓരോ ധാന്യമണിയും അതുഘോഷിക്കുന്നു. ഓരോ മാലാഖമാരും അതുച്ചത്തിൽ മൊഴിയുന്നു. ബൈബിളിലെ ഓരോ വിശ്വാസവീരനും അതുവിളംബരം ചെയ്യുന്നു. യേശുവിന്റെ ജനനവും, ജീവിതവും, മരണവും, ഉയിർത്തെഴുന്നേൽപ്പും, വാഗ്ദാനങ്ങളും പരമമായ ആസത്യം നമ്മോടുരയ്ക്കുന്നു. മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹം ഓരോ പ്രഭാതത്തിലും പുതിയതാണല്ലോ (വിലാപങ്ങൾ 3:23).

അതിമഹത്തായ ഒരു ബന്ധം ദൈവവുമായി നാം സൃഷ്ടിച്ചെടുക്കണമെന്ന് ദൈവം ആവശ്യപ്പെടുന്നു. അവൻ നമ്മെ മാനിക്കുകയും ആദരിക്കുകയും ചെയ്യുന്നവനാണ്. തന്നിൽ ഏകാഗ്രചിത്തരായവരെ ശക്തിയോടെ പിന്താങ്ങുന്നതിനായി ഭൂതലത്തിലുടനീളം പരതുന്ന കണ്ണുകളാണ് നാമ്മുടെ ദൈവത്തിന്റേത് (2ദിനവൃത്താന്തം 16:9). ഇന്നുപ്രഭാതത്തിൽ നിങ്ങളെ കണ്ടെത്താനായി ദൈവത്തിന് ഒത്തിരി പരതേണ്ടിവന്നോ? നമ്മെ സൃഷ്ടിച്ചതിൽ ദൈവം അഭിമാനം കൊള്ളുന്നരീതിയിലാവട്ടെ നമ്മുടെ ജീവിതം.

**പ്രാർത്ഥനാശയം:** നിങ്ങളുമായി ഒരു ബന്ധം സ്ഥാപിച്ചെടുക്കാനായി ദൈവം മുൻകയ്യെടുത്തുചെയ്ത കാര്യങ്ങളെ ഓർത്തു ദൈവത്തെ സ്തുതിക്കുക.

# 3. വാഗ്ദാനവിശ്വസ്തയുടെ മഴവില്ല്

## ഉൽപ്പത്തി 9:8–16

നോഹയുമായി ഉണ്ടാക്കിയ ഉടമ്പടി ദൈവം പാലിക്കുകയും അതിനെ ഓർക്കുകയും ചെയ്യുന്നു. ദൈവം തന്റെ വാഗ്ദാനങ്ങളിൽ എന്നും വിശ്വസ്തനാണ്. പുത്രോല്പാദനം സാദ്ധ്യമല്ലാതിരുന്ന സാറായിലൂടെ മൺതരികളെപ്പോലെ സന്താന പരമ്പരയെ നൽകുമെന്ന് അബ്രഹാമിനു നൽകിയ വാഗ്ദാനം ദൈവം നിറവേറ്റി. ഈജിപ്റ്റിൽ ഫറവോന്റെ അടിമത്തത്തിലായിരുന്ന ഇസ്രായേലിനു വാഗ്ദത്തനാടായ കാനാൻദേശം സ്വന്തമായി നൽകുമെന്ന് മോശയിലൂടെ നൽകിയവാഗ്ദാനം ദൈവം നിറവേറ്റി. മാനവരാശിയുടെ മുഴുവൻ പാപങ്ങൾക്കു പരിഹാരമായി തന്റെ മകനെ ബലിയായിനൽകാനായി ഭൂമിയിലേക്ക് അയക്കമെന്നു എശയ്യാവിലൂടെ നല്കിയ വാഗ്ദാനം 700 വർഷങ്ങൾക്കുശേഷം ദൈവം നിറവേറ്റി. യേശുവിന്റെ കാലടികളെ പിന്തുടരുന്നവർക്കായി സ്വർഗ്ഗം ഒരുക്കിയിരിക്കുന്നു എന്ന വാഗ്ദാനം നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നിറവേറ്റപ്പെടാനിരിക്കുന്ന ഒന്നാണ്.

ഇതിനായികാത്തിരിക്കുന്ന നാം നമ്മോടു ചോദിക്കുക, നാം എത്രമാത്രം വാഗ്ദാനങ്ങളിൽ വിശ്വസ്തരാണ്? യേശുവിനെ രക്ഷകനായി സ്വീകരിച്ച സമയത്ത് നാം അനേകവാഗ്ദാനങ്ങൾ ദൈവത്തിനു നൽകിയിരുന്നു. അവയെ നാം വിശ്വസ്തതയോടെ പാലിക്കുന്നുണ്ടോ? അതോ നമ്മൾ ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള വാഗ്ദാന പൂർത്തിമാത്രം ആഗ്രഹിച്ചും പ്രതീക്ഷിച്ചും ഇരിക്കുന്നവരാണോ? നമ്മൾ നൽകിയവാഗ്ദാനങ്ങളെക്കുറിച്ച് ഇന്നത്തെ പ്രാർത്ഥനയിൽ ഓർക്കുകയും അവയിൽ ഉറച്ചുനില്ക്കുവാനുള്ള തീരുമാനം ദൃഢപ്പെടുത്തുകയുമാകാം.

**പ്രാർത്ഥനാശയം:** ദൈവവുമായി നാം ഉണ്ടാക്കിയ ഉടമ്പടികളെക്കുറിച്ചു ചിന്തിക്കുക, അവയെക്കുറിച്ചു പ്രാർത്ഥിക്കുക.

# 4. വിഡ്ഢിയായ ബുദ്ധിമാൻ

## ഉൽപ്പത്തി 32:22–28

ഒരു വിഡ്ഢിത്തം ചെയ്തിട്ടാണങ്കിൽപ്പോലും നമ്മെ ആരെങ്കിലും വിഡ്ഢി എന്നുവിളിക്കുന്നത് ഉൾക്കൊള്ളാൻ കഴിയുന്ന കാര്യമല്ല. ബുദ്ധിമാൻ, ശക്തൻ, കഴിവുള്ളവൻ, നീതിമാൻ എന്നൊക്കെ യുള്ള വിളികേൾക്കാനും, പ്രശംസിക്കപ്പെടാനും നാം എപ്പോഴും ഇഷ്ടപ്പെടുന്നു. ദൈവം വിളിച്ച പ്പോൾ എങ്ങോട്ട് എന്നുപോലും ചോദിക്കാതെ ഇറങ്ങിത്തിരിച്ചവനാണ് അബ്രഹാം. ഒരു അരുള പ്പാടിന്റെ പേരിൽ 100 വർഷം കാത്തിരിന്നു കിട്ടിയ ഏകസന്താനത്തെ ബലികഴിക്കുവാനും തയ്യാ റായി. ലോകത്തിന്റെ മുന്നിൽ ഒരുവിഡ്ഢിയായ ഒരുവൻ.

ദൈവം പറയുന്നതിനെ മുമ്പും പിമ്പും നോക്കാതെ അനുസരിക്കുന്ന ഒരുവനായിരുന്നു അബ്രഹാം. നമുക്കുകിട്ടുന്ന ദൈവീക ഉപദേശങ്ങളെ തിരിച്ചും മറിച്ചും നോക്കി, എന്തൊക്കെ ഒഴികഴിവു കണ്ടെത്താൻ പറ്റും എന്നു നമ്മുടെ ബുദ്ധിയുപയോഗിച്ചു സസൂക്ഷ്മം കണ്ടുപിടിക്കുന്നവരാണു നാം പലപ്പോഴും. പാമ്പിനെപ്പോലെയുള്ള വിവേകമാണ് അത് എന്നൊരു വിശദീകരണവും നാം അതിനു നൽകും. എന്നാൽ പ്രാവിനെക്കുറിച്ച് ചിന്തയേതുമില്ല! ദൈവ വചനത്തെ ലോകത്തിന്റെ കണ്ണിലെ ഒരു വിഡ്ഢിയെപ്പോലെ അനുസരിക്കുന്നവനാണ് ദൈവത്തിന്റെ മുന്നിലെ യഥാർത്ഥ ബുദ്ധിമാൻ - പാറമേൽ വീടുപണിത മനുഷ്യനെപ്പോലെ.

ശിഷ്യത്വജീവിതത്തിന്റെ ആദ്യകാലങ്ങളിൽ നമ്മെ നോക്കി ലോകം പറഞ്ഞു കാണും പമ്പരവിഡ്ഢി യെന്ന്. പ്രാർത്ഥനയുടെ പേരിൽ ജീവിതം കളയാൻ നടക്കുന്നുവെന്നൊക്കെ. എന്താണുകാരണ മെന്നുവച്ചാൽ, കൂട്ടിക്കിഴിച്ചുനോക്കാതെ, പൂർണ്ണമായും നാം വചനത്തെ അനുസരിച്ചു. അങ്ങിനെ ചെയ്യുന്നവൻ ലോകത്തിന്റെ മുന്നിലെ വിഡ്ഢിയാണ്, ദൈവത്തിന്റെ മുന്നിലെ ബുദ്ധിമാനും. എല്ലാമുപേക്ഷിച്ചു മൂന്നും രണ്ടും വയസ്സുള്ള മക്കളെയും കൊണ്ട് തൃശ്ശൂർക്ക് മിഷൻടീമിനെയും കൊണ്ടുപോയപ്പോൾ പലരും പറഞ്ഞു ഇതു ബുദ്ധിപരമായ ഒരു തീരുമാനമായിരിക്കില്ല, അവി ടെച്ചെന്നെങ്ങിനെ ജീവിക്കും, ആരു സഹായിക്കും എന്നൊക്കെ. എന്നാൽ ഇന്നുതിരിഞ്ഞുനോ ക്കുമ്പോൾ ദൈവവഴിതന്നെയാണ് ഞ്ജാനത്തിന്റെ വഴിയെന്നു കാണാൻ കഴിയും - ആത്മീക മായും ഭൗതീകമായും. തന്റെ വിശ്വസ്തൻ ലജ്ജിക്കാൻ അവൻ ഇടവരുത്തുകയില്ല.

ഏകമകനെ ദൈവത്തിനു നൽകാൻ തയ്യാറായപ്പോൾ ദൈവം അവനെ ആകാശത്തിലെ നക്ഷത്രങ്ങ ളെപ്പോലെയും കടൽത്തീരത്തെ മണൽത്തരിപോലെയും സന്താനങ്ങളെ നൽകി അനുഗ്രഹിച്ചു. ദൈവത്തിൽ നമുക്ക് ആശ്രയിക്കാം, അവിടുത്തെ അനുസരിക്കാം. ഒന്നായ നമ്മിൽ നിന്ന് അനേ കശിഷ്യഗണങ്ങൾ പൊട്ടിപ്പുറപ്പെടട്ടെ. നമ്മുടെ അനുസരണത്തിന്റെ സന്താനങ്ങൾ നക്ഷത്രങ്ങ ളെപ്പോലെ വിരാജിക്കട്ടെ.

**പ്രാർത്ഥനാശയം:** ബൈബിളിലെ വിശ്വാസവീരന്മാരുടെ ജീവിതത്തിലെ ബുദ്ധിശ്യൂന്യത കളെക്കുറിച്ചോർക്കുക. അവരുടെ ജീവിതത്തിലൂടെ പ്രാർത്ഥിക്കുക.

# 5. എന്നെ അനുഗ്രഹിക്കാതെ...

## ഉൽപ്പത്തി 32:22–28

യാക്കോബിന്റെ ജീവിതത്തിലെ വലിയൊരു വഴിത്തിരിവായിരുന്നു ഈ സംഭവം. തന്റെ പാപപ്രകൃ തിയുടെ (ചതിയുടെ) അനന്തരഫലങ്ങൾ ഇക്കാലമത്രയും യാക്കോബിനെ വേട്ടയാടിക്കൊണ്ടിരി ക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ ജേഷ്ഠനായി ഏസാവുമായി രമ്യപ്പെടുവാനായി അവൻ തീക്ഷ്ണമായി ആഗ്രഹിച്ചു. അനുഗ്രഹങ്ങൾ യാക്കോബ് ആഗ്രഹിച്ചു, ഏതുതരത്തിലുള്ള അനു ഗ്രഹങ്ങളെന്ന് നമുക്കറിയില്ലങ്കിലും. ബെഥേലിൽ വച്ചുദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹമാ യിരിക്കാം. എന്നാൽ ദൈവം അവന്റെ പേരു (പേരുദോഷമെന്നു വായിക്കുക) മാറ്റിക്കൊടുക്കാ

നാണ് തയ്യാറായത്. വഞ്ചകൻ എന്നർത്ഥം വരുന്ന യാക്കോബിൽ നിന്നും, ദൈവത്തിന്റെ പടയാളി എന്നർത്ഥമുള്ള ഇസ്രായേലായി അവനെ മാറ്റി. അതായിരിക്കാം യാക്കോബ് യഥാർത്ഥത്തിൽ ആഗ്രഹിച്ചതും. അവന്റെ ജീവിതത്തിലും സ്വഭാവത്തിലും വന്ന മാറ്റങ്ങൾക്കു ദൈവം നൽകിയ ഒരു അംഗീകാരമായിത്തിർന്നു ഈ അനുഗ്രഹം, മറ്റനേകം അനുഗ്രഹങ്ങൾ കൂടെയും.

ജോസഫിനെപ്പോലെ ഒരു മകനെ ലഭിക്കുന്നത് തീർച്ചയായും ഒരു അനുഗ്രഹമാണ്. സഹോദരീ സഹോദരന്മാരേ, നമുക്കും ബലഹീനതകളും, സ്വഭാവത്തിലെ പോരായ്മകളും ഉണ്ടായിരിക്കാം. ഇതിനെല്ലാം ഉപരിയായി നമ്മെ സഹായിക്കാനും മറികടക്കാനും കഴിയുന്നവനാണു ദൈവമെന്നു നിങ്ങൾക്കു വിശ്വാസമുണ്ടോ? തീർച്ചയായും ദൈവത്തിനതു സാധിക്കും. എന്നാൽ ദൈവം നമ്മുടെ ഭാഗത്തുനിന്നും ഒരു ഉണർവ്വുള്ള മനോഭാവവും പ്രതീക്ഷിക്കുന്നു. എന്നെ അനുഗ്രഹിക്കാതെ ഞാൻ പ്രാർത്ഥന നിർത്തുകയില്ല, അതുഞാൻ ഉറപ്പിച്ചിരിക്കുന്നു എന്ന മനോഭാവം. മാറ്റംവരുത്തേണ്ടകാര്യങ്ങളിൽ നമുക്കു തീക്ഷ്ണതയുള്ളവരാകാം. അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിലും.

**പ്രാർത്ഥനാശയം:** ദൈവത്തിനുമുന്നിലുള്ള നിങ്ങളുടെ സ്ഥാനമാനങ്ങളിൽ ശിഷ്യനായതിനു ശേഷം അനേകം മാറ്റം വന്നു. വചങ്ങളിൽ നോക്കി അതിൽ പത്തെണ്ണമെങ്കിലും കണ്ടുപിടിക്കുക, പ്രാർത്ഥിക്കുക, മറ്റുള്ളവരുമായി പങ്കുവയ്ക്കുക. (ഉദാ: മുമ്പു നിങ്ങൾ അന്യനും പരദേശിയുമായിരുന്നു എന്നാൽ ഇപ്പോൾ വിശുദ്ധരും ദൈവഭവനത്തിലെ അംഗങ്ങളും.

# 6. ജോസഫിനു ദൈവം നൽകിയ ദാനം

## ഉൽപ്പത്തി 41:41–44

മിസ്രയീമിൽ (ഈജിപ്തിൽ) അനേകം പദവികളും ബഹുമാനവും നൽകി ദൈവം ജോസഫിനെ ആദരിച്ചു. മുൻ ജീവിതകാലം മുഴുവൻ അവനുണ്ടായത് അവഗണനയും കഷ്ടപ്പാടുകളും മാത്രമായിരുന്നു. ആദ്യം സ്വസഹോദരിൽനിന്നും, പോത്തിഫറുടെ ഭവനത്തിൽനിന്നും, ജയിലിൽ നിന്നും പിന്നെ അനേകം സ്ഥലങ്ങളിൽ നിന്നും. ഇത്രയും കാതം വിട്ടുകൊടുക്കാതെ പിടിച്ചുനിൽക്കാൻ അവനെങ്ങനെ കഴിഞ്ഞു? തീർച്ചയായും ജോസഫിന് ദൈവത്തിന്റെ നന്മയെക്കുറിച്ച് ഉറപ്പുണ്ടായിരിക്കണം. ദൈവം എല്ലാക്കാര്യങ്ങളും നമുക്കു നന്മയാക്കായിചെയ്യുന്നു എന്ന് നാം വിശ്വസിക്കണം. ദൈവം നമ്മുടെ ആത്യന്തിക നന്മയ്ക്കു വേണ്ടി ജോലി ചെയ്യുകയും, പദ്ധതികൾ ആസൂത്രണം ചെയ്യുകയും, വഴികൾ ഒരുക്കുകയും ചെയ്യുന്നു. നാം ദൈവത്തിന്റെ നന്മകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നവരാണ്, നമുക്കത് അർഹമായതിനാലല്ല, പകരം അവൻ നല്ലവനായതിനാൽ.

നമ്മുടെ ജീവിതത്തിലേക്കായി അനേകം നന്മകൾ അവൻ ഒരുക്കിയിരിക്കുന്നു എന്നു നമുക്കു വിശ്വസിക്കാം. ആ നന്മകൾ മാനസാന്തരപ്പെടുവാനും ദൈവത്തിനു കീഴടങ്ങാനുമുള്ള ഒരു പ്രചോദനം നമുക്കുനൽകട്ടെ. അവന്റെ വഴികൾ നമുക്കു സുരക്ഷ നല്കുന്ന കോട്ടകളാണ്, അവനു നാം കീഴടങ്ങി ജീവിക്കുമ്പോൾ.

ദൈവം ജോസഫിനായി ഒരുക്കിയത് തന്നെ ചുറ്റിപ്പറ്റി ജീവിക്കുന്ന അനേകർക്കുള്ള നന്മകളും ആയിരുന്നു, ദൈവത്തിൽ ആശ്രയിക്കാനും അവന്റെ വഴികളിൽ ശരണം വയ്ക്കാനും അനേകരെ പഠിപ്പിച്ച നന്മകൾ. ദൈവത്തിന്റെ നന്മകൾ നിത്യജീവിതത്തിലേക്കു നമ്മെ ഒരുക്കുകയും ചെയ്യുന്നവയാണ്, ഈ ജീവിതത്തിൽത്തന്നെ എല്ലാം നേടാനും അനുഭവിക്കാനും മാത്രമുള്ളതല്ല. ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് ഉന്നതമായ കാര്യങ്ങൾക്കുവേണ്ടിയാന്ന തിരിച്ചറിവ് അതുനമുക്കു നൽകുന്നു.

**പ്രാർത്ഥനാശയം:** ദൈവം നമുക്കായി അനേകപദ്ധതികൾ ഒരുക്കിയിരിക്കുന്നു. എന്നാൽ നാം ദൈവത്തിനായി ഒരുക്കുന്നപദ്ധതികൾ ഏവയാണ്? ഈ കാലയളവിലേക്കും ഭാവിയിലേക്കും?

# 7. മുൾച്ചെടിപടർപ്പിൽ നിന്നുള്ള വിളി

## പുറപ്പാട് 3:1–10

ആ ദിവസം മോശയ്ക്കൊരു സാധാരണ ദിവസമല്ലായിരുന്നു. വന്യതയുടെ അങ്ങേത്തലയ്ക്കലേക്ക് മോശതന്റെ ആടുകളുമായി മേയാൻ പോയി, അതു ദൈവത്തിന്റെ പർവ്വതമായിരുന്നു. അഗ്നിനട മാടിയിട്ടും ദഹിച്ചുവീഴാത്ത മുൾപടർപ്പ് അവനൊരു വിസ്മയമായി. അപരിചിതമായ ഒരു കാഴ്ച യായിരുന്നു തീർച്ചയായും അവനത്. തനിക്കുവേണ്ടി കാത്തിരിക്കുന്ന ദൈവമായിരുന്നു ആമുൾപടർപ്പിലെന്നത് അവനു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഈജിപ്തിന്റെ അടിമത്ത ത്തിൽനിന്നും ദൈവജനതയെ വിടുവിക്കാനുള്ള വിഷമകരമായ സുപ്രധാനദൗത്യം ദൈവം അവ നെയേൽപ്പിച്ചു. എന്തുവിളിയായിരുന്നു അതെന്നോർക്കുക! അവന്റെ ജീവിതം മാറ്റിമറിച്ച ഒന്ന്. ആട്ടിടയിനിൽനിന്ന് രാഷ്ട്രത്തലവനായി നേരിട്ടുള്ള നിയമനം. യേശുതന്റെ ശിഷ്യരെ വിളിച്ചു ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും എന്നു പറഞ്ഞതും ഇതിനുതുല്ല്യമായ ഒന്നല്ലേ?. ജനതകൾക്കു പാപത്തിന്റെ അടിമത്തത്തിൽനിന്നും നിത്യമോചനം നല്കാനുള്ള ഒരു വലിയ വിളിയാണ് ദൈവം നമുക്കിന്നു നൽകിയിരിക്കുന്നത്.

ഞാൻ എന്റെ ജനതയുടെ സങ്കടം അറിയുന്നു എന്ന് ദൈവം മോശയോടു പറഞ്ഞു. അവരുടെ നില വിളികൾ എന്റെയടുക്കൽ എത്തിയിരിക്കുന്നു. ആരും നശിച്ചുപോകാതെ എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കണമെന്ന് ദൈവം ഉറച്ചിരിക്കുന്നു. ആ ദൗത്യം അവൻ നമ്മെ ഏൽപ്പിച്ചുമിരിക്കുന്നു. നാമതു ആത്മാർത്ഥമായി ഏറ്റിരിക്കുന്നുവോ? മോശയ്ക്കു തന്റെ കഴിവുകളിൽ മതിപ്പു പോരായി രുന്നു, എന്നാൽ ദൈവം അവനോടുകൂടെയുണ്ടെന്ന് വാഗ്ദാനം നല്കുന്നു. ഇന്നു നമ്മിലും ആ തോന്നൽ വേരുപിടിക്കുന്നുണ്ടായിരിക്കാം. എനിക്കിതുചെയ്യാനുള്ള കഴിവോ, ശക്തിയോ, ആത്മീയതയോ ഉണ്ടോയെന്നുള്ള സന്ദേഹങ്ങൾ. എന്നാൽ ദൈവം നമ്മിൽനിന്നും ആവശ്യപ്പെ ടുന്നത് വിനയവും ദൈവഭയവുമാണ്. മോശയോടു ചെരുപ്പഴിക്കാൻ പറയുന്നതിന്റെ പൊരുളുമി താണ്. നമ്മുടെ അഹങ്കാരത്തിന്റെയും സ്വയം നീതിനടിപ്പിന്റെയും, സ്വാർത്ഥതയുടെയും ആത്മ പ്രശംസയുടെയും ചെരുപ്പുവള്ളികൾ അഴിച്ചുമാറ്റാൻ ദൈവം കൽപ്പിക്കുന്നു.

എന്റെ ജീവിതത്തിൽ എന്റെ കഴിവുകൾകൊണ്ടു നടത്തിയെടുക്കാമെന്നു വിചാരിച്ചകാര്യങ്ങളിൽ ഞാൻ അമ്പേ പരാജയപ്പെട്ടു. എന്നാൽ എന്നാൽ അസാദ്ധ്യമാണന്നു ഏറ്റുപറഞ്ഞ കാര്യങ്ങളിൽ ദൈവം എന്നെ മഹത്തായരീതികളിൽ ഉപയോഗിച്ചു. വിനയത്തോടെ അവനുകീഴടങ്ങുക, അവൻ നമ്മെ ഉപയോഗിക്കും.

**പ്രാർത്ഥനാശയം:** ദൈവം നമുക്കു തന്നിരിക്കുന്ന വിളികളുടെ ഒരു പട്ടികയുണ്ടാക്കുക. (ഉദാ. ഭർത്താവ്, ഭാര്യ, യുവാവ്....) അവയിലോരോന്നിലും നാമെങ്ങിനെ ചെയ്യുന്നു എന്ന് കണ്ടുപിടി ക്കുക.

# 8. മോശയും ദൈവവും

## പുറപ്പാട് 4:1–14

ദൈവം മോശയുടെ പിന്നാലെ തന്നെയായിരുന്നു. മോശയെ അവൻ വെറുതെവിടാൻ പോകുന്നില്ലാ യിരുന്നു. മോശയെക്കുറിച്ചു ദൈവത്തിനുള്ള പദ്ധതികൾ തീർത്തും വ്യക്തമായിരുന്നു. ദൈവം ക്ഷമയുള്ളവനാണ്. മോശയ്ക്കുമനസ്സിലാകുന്ന രീതിയിൽ വ്യക്തമായിത്തന്നെ തന്റെ പദ്ധതി കൾ അവൻ വെളിപ്പെടുത്തി. ദൈവം വ്യക്തതയുടെ ദൈവമാണ്. തന്റെ കുട്ടിയെ നീന്താൻ പഠി പ്പിക്കുന്ന ഒരു പിതാവിനെപ്പോലെ, ദൈവം മോശയെ പരിശീലിപ്പിക്കുന്നു. മോശയുടെ ചോദ്യ ങ്ങൾക്കുത്തരം നൽകുന്ന അടയാളങ്ങളും നൽകുന്നു.

ഈ അടയാളങ്ങളും വാഗ്ദാനങ്ങളും ലഭിച്ചതിനുശേഷവും മോശ തന്റെ വാക്ചാതുര്യമില്ലായ്മയെക്കുറിച്ചു പരാതിപറയുന്നു (വാ 10). ഇതു ദൈവത്തെ പ്രകോപിപ്പിച്ചു. നീയെന്നെക്കുറിച്ച് എന്താ വിചാരിച്ചത്? ഞാനാരാണെന്നു നിനക്കറിയാമോ? എന്ന രീതിയിലാണു ദൈവം സംസാരിക്കുന്നതെന്നു തോന്നും, വാ 11 വായിക്കുമ്പോൾ. നിങ്ങൾ ദൈവത്തിനു നൽകുന്ന സമയം പരിഗണിച്ചാൽ മുറ്റത്തെ മുല്ലയ്ക്കു മണമില്ല എന്ന ചൊല്ലു നിങ്ങളുടെ ജീവിതത്തിൽ അന്വർത്ഥകമാകുന്നുണ്ടോ? ബൈബിൾ പഠിക്കുന്നതിലും, പ്രാർത്ഥനാസമയത്തിലും, കുടുംബപ്രാർത്ഥനയിലും, ഇടമീറ്റിംഗുകളിലെ പങ്കാളിത്തത്തിലും, സാമ്പത്തിക മേഖലയിലുമെല്ലാം ദൈവത്തിനനുയോജ്യമായ മാനം നാം നൽകുന്നുണ്ടോ? അതോ ദൈവം കരുണാമയനും ക്ഷമാലുവുമാണ് എന്ന ചിന്തയാൽ ദൈവത്തെ നിസ്സാരവൽക്കരിക്കുകയാണോ? നമുക്കു വ്യത്യസ്തരാകാം ഇക്കാര്യങ്ങളിൽ.

മോശയുടെ ചോദ്യങ്ങൾ തീർന്ന മട്ടില്ലായിരുന്നു (വാ 13). എനിക്കു മോശയുടെ അപ്പോഴത്തെ മനസ്സുഗ്രഹിക്കാൻ കഴിയുന്നില്ല. അവൻ കഠിന ഹൃദയനായിത്തീർന്നോ, അതോ അവൻ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ ശ്രമിക്കുകയാണോ, അതുമല്ലെങ്കിൽ അവൻ വെറുമൊരു ഭീരുവാണോ, ഒന്നും അറിയില്ല. എന്നാൽ ഒന്നുണ്ട്, മോശയുടെ തുറന്ന മനസ്സിനെക്കുറിച്ചുള്ള ഒരു വിലമതിപ്പ്. നമുക്കു പരിഹാസ്യമായിത്തോന്നിയാലും  മോശയെ സംബന്ധിച്ച് അവന്റെ ചോദ്യങ്ങൾ പ്രധാനപ്പെട്ടതാണ്. അതിനാൽ അതുചോദിക്കപ്പെടേണ്ടതുമാണ്. അബ്രാഹാമിനു ചോദ്യങ്ങൾ ഉണ്ടായിരുന്നു, ഗിദെയോനും, ദാവീദിനും, ഇയ്യോബിനും, ഹബാക്കുക്കിനുമെല്ലാം ചോദ്യങ്ങൾ ഉണ്ടായിരുന്നു. അവർ അതു ചോദിച്ചതു നന്നായി, ദൈവത്തിനവർക്കു മറുപടി നൽകാനും കഴിഞ്ഞു.

ദൈവമാണു നിങ്ങളെ സൃഷ്ടിച്ചത്. അവന്റെ ജ്ഞാനത്തിൻ പ്രകാരമാണ് അവൻ നിങ്ങൾക്കു കുറവുകളും കഴിവുകളും നൽകിയത, അവനു നിങ്ങളെ ഉപയോഗിക്കാനായി.

**പ്രാർത്ഥനാശയം:** നിങ്ങളുടെ കഴിവുകേടുകളെ/പരിമിതികളെ ദൈവത്തിനു മഹത്വം നൽകാനായി എങ്ങിനെയൊക്കെ ഉപയോഗിക്കാമെന്നു ചിന്തിക്കുക. അവ പാപങ്ങൾക്കുള്ള നീതീകരണമാകാതെ.

# 9. പിളരുന്ന ചെങ്കടൽ

## പുറപ്പാട് 14:10-22

ഈ വചനത്തിലൂടെ നാം കാണുന്നത്  ഇസ്രായേൽ ജനം ഈജിപ്ത്ˇസൈന്യം പുറകേ വരുമ്പോൾ ഭയപ്പെട്ട് മോശയോടു കയർക്കുന്നതും പിന്നീട് ദൈവം ചെങ്കടൽ പിളർന്ന് അവരെ സുരക്ഷിതമായി കടത്തി വിടുന്നതുമാണ്. ഈ ജനം എന്തു പറഞ്ഞാണ് മോശയോടു കയർക്കുന്നത് എന്ന് ശ്രദ്ധിച്ചുവോ?. ഇത്രയും അത്ഭുതങ്ങൾ പ്രവർത്തിച്ച് ഇവിടെവരെയെത്തിച്ച ദൈവം ഇനിയും തങ്ങളെ രക്ഷിക്കും എന്നുവിശ്വസിക്കാതെ ഇതിനേക്കാൾ ഭേദം ഈജിപ്തിലെ അടിമത്ത ജീവിതമായിരുന്നു എന്നാണവർ ചിന്തിച്ചത്.

നമ്മുടെ കാഴ്ചപ്പാട് ഇന്ന് എപ്രകാരമാണ് സഹോദരരെ. തന്റെ പുത്രന്റെ ജീവൻ നൽകി നമ്മെ മാനസാന്തര ജീവിതത്തിലേക്ക് നയിച്ച ദൈവം, പാപവും കഷ്ടതയും നിറഞ്ഞ ഈ ലോകമാകുന്ന ചെങ്കടൽ പിളർത്തി സുരക്ഷിതസ്ഥാനത്ത് നമ്മെ തന്നോടൊപ്പം ചേർക്കാൻ തയ്യാറായി നിൽക്കുന്നത് നമുക്ക് കാണാൻ സാധിക്കുന്നുണ്ടോ; അതോ അതിനിടയിൽ നമ്മെ പരീക്ഷിക്കുവാൻ വരുന്ന അനവധി പ്രശ്നങ്ങളെ വിശ്വാസത്തോടെ നേരിടാതെ ഞങ്ങൾക്ക് ആ പഴയ പാപത്തിന്റെ അടിമത്തജീവിതം ആയിരുന്നു  നല്ലത് എന്നു ചിന്തിക്കുകയാണോ. നമുക്കുവേണ്ടി മുൻപ് ദൈവം ചെയ്തതും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതുമായ നന്മകൾ മുന്നോട്ടും അവൻ നമുക്കായി ചെയ്യും എന്ന വിശ്വാസത്തോടെ നമുക്കു മുന്നോട്ടു പോകാം. അങ്ങിനെ നമ്മൾ ദൈവത്തെ മഹത്വപ്പെടുത്തുന്നവരും ആകാം.

**പ്രാർത്ഥനാശയം:** യേശുവിന്റെ കുരിശുമരണത്തെ ഓർത്തു പ്രാർത്ഥിക്കുക.

# 10. സ്വർഗ്ഗീയ മന്നാ

## പുറപ്പാട് 16:10-15

അവിശ്വാസത്തിന് ഓർമ്മക്കുറവും, അതൃപ്തിക്ക് സ്ഥിരതയില്ലാത്ത ഓർമ്മയുമാണുള്ളത്. രുചി നാവിൻതുമ്പത്തു നിൽക്കുന്ന ഇറച്ചിച്ചട്ടിലേക്ക് അവരുടെ ഓർമ്മകൾ ഓടിയെത്തിയപ്പോൾ പീഠ നങ്ങളുടെ കയ്പുപാനപാത്രത്തിന്റെ ഓർമ്മ അവരിൽനിന്നും അപ്രത്യക്ഷമായി. ഈജിപ്തിന്റെ അടിമത്തത്തിൽ ആയിരുന്നപ്പോൾ അവർ തങ്ങളുടെ ദുർഘടങ്ങളെക്കുറിച്ചു നിലവിളിച്ചു, സ്വാത ന്ത്ര്യത്തിനായി എന്തും സഹിക്കുമെന്ന് ഉറപ്പിക്കുകയും ചെയ്തു. എന്നാൽ സ്വാതന്ത്ര്യം ലഭിച്ച പ്പോൾ വിശക്കുന്ന വയറിന്റെ സാന്ത്വനത്തിനായി അടിമനുകം വീണ്ടും തോളിലേറ്റുന്നതിനെക്കു റിച്ചാണവർ ചിന്തിക്കുന്നത്. മനുഷ്യൻ സന്തോഷത്തിന്റെ വിലമനസ്സിലാക്കുന്നത് അതവനെ വിട്ടു പിരിയുമ്പോഴാണ്. നമ്മുടെ വർത്തമാനകാലദുരിതങ്ങളുടെയും ഭൂതകാലവരങ്ങളുടെയും താള ത്തിനൊപ്പമാണ് അവിശ്വാസം വീണമീട്ടുന്നത്. നിങ്ങളിൽ പാപം ചെയ്യാത്തവൻ ഈപിറുപിറുപ്പു കാരെ കല്ലെറിയട്ടെ. ചെങ്കടലിനെ മറക്കാൻ അധികസമയം എടുക്കേണ്ടിവന്നില്ല.

സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു മലിനമാകാനും, മരുഭൂമിയിലെ കഷ്ടതകളുടെ ഉഷ്ണക്കാറ്റ് വീശിയ ടിക്കാനും തുടങ്ങി. തങ്ങൾ ആസ്വദിച്ചു എന്നവകാപ്പെടുന്ന മിസ്രായീം സ്വാദിനെക്കുറിച്ചുള്ള സത്യാവസ്ഥ ഇതൊന്നുമായിരുന്നില്ല എന്നതാണ് ഇവിടത്തെ വൈരുദ്ധ്യം.

ഈജിപ്തിൽനിന്നും വിടുവിച്ചുകൊണ്ടുവന്ന സമയം മുതൽ ഇസ്രായേൽക്കാർ മർക്കടമുഷ്ടിക്കാരാ യിരുന്നു. അതിനാൽമാത്രമാണ് വാഗ്ദാനം ചെയ്തനാട്ടിലേക്കുള്ള യാത്രാമദ്ധ്യേ ദൈവമവർക്ക് കഠിനയാതനകളും സഹനങ്ങളും നൽകിയത്. നാല്പതുദിവസംമാത്രം വേണ്ടിയിരുന്ന ഒരു യാത്രയെ നാല്പതുവർഷത്തെ പ്രയാണമാക്കി മാറ്റിയത്. നമുക്കായി ജീവാർപ്പണം പോലും ചെയ്ത നല്ലിടയനാണ് നമ്മുടെ ദൈവം. അവൻ നമ്മെ സ്നേഹിക്കുന്നു. അവൻ നമ്മിൽനിന്നും അനുസരണയും കൃതഞ്ജതയും പ്രതീക്ഷിക്കുന്നു.

തന്നിൽ പൂർണ്ണമായും ആശ്രയം വയ്ക്കാന് ദൈവം ഇസ്രായേല്യരെ പഠിപ്പിക്കുന്നു. വിശ്വാസ ത്തോടെ പ്രതികരിക്കുന്നുവെങ്കിൽ അവർക്ക് എല്ലാ അനുഗ്രങ്ങളും ഉണ്ടാകുമെന്ന് അവൻ വാഗ്ദാനം ചെയ്തു. മരുഭൂമിയിൽ ദൈവം നല്കിയമന്നയോട് യേശുതന്നത്താൻ സാമ്യപ്പെടുത്തി യത് ഇതിനാലാണ്.

ജീവിതയാത്രയിൽ നിങ്ങൾ ഈ ഇസ്രായേലുകാരെപ്പോലെയാണോ? ജീവിതത്തിലെ ഓരോ വള വിലും കോണിലും പരാതിയുമായി രംഗത്തിറങ്ങുന്നവർ? ദൈവം ചെയ്തകാര്യങ്ങളെക്കുറിച്ചു നിങ്ങൾക്കുള്ള ഓർമ്മ അല്പായുസ്സുമാത്രമുള്ളതാണോ? അതോ, ദൈവത്തെ സ്നേഹിക്കുന്ന വർക്കും അവിടത്തെ പദ്ധതിപ്രകാരം വിളിക്കുന്നവർക്കും വേണ്ടി അവൻ എല്ലാം നന്മയ്ക്കായി തീർക്കുന്നു (റോമക്കാർ 8:28) എന്ന ഉത്തമബോധ്യം ഉള്ളവരാണോ? ജീവിതയാത്രയിലുള്ള നന്മ യ്ക്കായും തിന്മയ്ക്കായും മുന്നേറേനമ്മെ ഒരുക്കാനും, എല്ലാറ്റിനും എപ്പോഴും നന്ദിയുള്ളവരായി രിക്കാനും വേണ്ടി നമുക്കുപ്രാർത്ഥിക്കാം.

**പ്രാർത്ഥനാശയം:** ജീവിതത്തിൽ ഉണ്ടായേക്കാവുന്ന ഏറ്റവും ഭീകരമായ അവസ്ഥ/അവസ്ഥകൾ എന്തായിരിക്കുമെന്നു ചിന്തിക്കുക. അത്തരം ഒരു അവസ്ഥ വന്നാൽപ്പോലും പതറാത്ത വിശ്വാസം ഉണ്ടാവാൻ വേണ്ടി പ്രാർത്ഥിക്കുക.

# 11. നിന്റെ മഹത്വം എന്നെ കാണിക്കുക.

### പുറപ്പാട് 33:12–23

ദൈവത്തിനുനേരേ നീട്ടിയ ഒരുപാടു ചോദ്യങ്ങൾ മോശയ്ക്കുണ്ടായിരുന്നു. ആരെ നീ കൂട്ടിനയക്കും? നിന്റെ വഴികൾ എന്താണ്? നിനക്കെന്നോടു പ്രസാദമുണ്ടോ? എന്നെ നീ തിരഞ്ഞെടുത്തെന്ന് എങ്ങിനെ മറ്റുള്ളവർ അറിയും? ഈ ജനത്തിനിടയിൽ ഞാൻ വ്യത്യസ്തനാണോ?

തന്റെ പ്രസാദം മോശയിലുണ്ടെന്ന് ദൈവം മോശയ്ക്കു ഉറപ്പുനൽകിയിട്ടും ദൈവത്തിന്റെ മഹത്വം തന്നെ കാണിക്കണമെന്ന് മോശ ദൈവത്തോട് ആവശ്യപ്പെട്ടു. ദൈവം പറഞ്ഞു; എന്റെ എല്ലാ നന്മകളും നിന്നെ ഞാൻ കാണിക്കാം എന്നാൽ എന്റെ മുഖം നിനക്കു കാണാൻ പറ്റില്ല.

ദൈവത്തിന്റെ സത്യം നമുക്ക് അവിടത്തോടുള്ള തോന്നലുകൾക്കതീതമാണ്. നമുക്ക് ദൈവത്തോടുള്ള ബന്ധത്തിന് ആഴവും സ്ഥിരതയുമുണ്ടാകേണ്ടതിനായി, അകൽച്ചയെന്നു തോന്നുന്ന അവസ്ഥകൾ ദൈവം നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്നു. ദശകോടികാതങ്ങൾ അകലത്തിലായാലും ദൈവം നമ്മെക്കുറിച്ച് കരുതലുള്ളവനാണ്. ദൈവത്തിന്റെ ഹൃദയമുള്ള പുരുഷനായ ദാവീദ് ദൈവത്തിന്റെ അസാന്നിദ്ധ്യമെന്ന തോന്നലിനെക്കുറിച്ച് പലതവണ പരാതിപറഞ്ഞിട്ടുണ്ട് (സങ്കീ 10:1, 22:1, 43:2). തീർച്ചയായും അവൻ ദാവീദിനെ ഉപേക്ഷിച്ചില്ലായിരുന്നു, നമ്മെയും ഉപേക്ഷിക്കുകയില്ലയെന്ന് ദൈവം വാഗ്ദാനം ചെയ്യുന്നു. (ആവർത്തനം 31:8, സങ്കീ 37:28).

ചിലസമയത്ത് അവൻ തന്റെ മുഖം നമ്മിൽ നിന്നും മറയ്ക്കുന്നുവെന്ന കാര്യം ദൈവം അംഗീകരിക്കുന്നുമുണ്ട് (എശയ്യ 45:15). ദൈവവുമായുള്ള ബന്ധത്തിൽ പക്വതയും പാകതയും വരുവാനുള്ള പരീക്ഷകൾ മാത്രമാണിത്. എല്ലാ ക്രിസ്ത്യാനിയും ഇതിലൂടെ കടന്നുപോകുന്ന സമയം അവന്റെ ജീവിതത്തിലുണ്ട്. ആസമയങ്ങൾ വേദനാജനകമായവയാണങ്കിലും അവ നമ്മുടെ വിശ്വാസത്തെ പാകപ്പെടുത്തുന്നു (ഇയ്യോബ് 23:8–10).

ഇന്നത്തെ ജനം ആരാധനയിൽ ഒരു ദൈവാനുഭവം മാത്രമാണ് തേടുന്നത്, ദൈവത്തിന്റെ ഹൃദയത്തെയല്ല എന്നത് വലിയ ഒരു തെറ്റാണ്. നമ്മുടെ അനുഭവങ്ങൾക്കുമുപരിയായുള്ള ദൈവസാന്നിദ്ധ്യം എപ്പോഴും നമ്മോടൊപ്പമുണ്ട്, നമ്മുടെ തോന്നലുകൾകൊണ്ട് അളക്കാവുന്നതിലും മഹത്തരമായതാണ് ആ മഹനീയ സാന്നിദ്ധ്യം. അവന്റെ സാന്നിദ്ധ്യം നാം തീർച്ചയായും അറിയേണ്ടതുണ്ട്. എങ്കിലും അവനിൽ ആശ്രയം വയ്ക്കുന്നതിലാണ് അവനെ അറിയുന്നതിനേക്കാൾ ദൈവത്തിനുമുന്നിൽ ശ്രേഷ്ടമായത്. വിശ്വാസമാണ് ദൈവത്തെ പ്രീതിപ്പെടുത്തുന്നത്, തോന്നലുകളല്ല.

ദൈവത്തെസംബന്ധിച്ച നിത്യസത്യങ്ങൾ വീണ്ടും ഓർക്കുക. ദൈവം നല്ലവനാണ്, അവൻ എന്നെ സ്നേഹിക്കുന്നു, അവൻഎന്നെ അറിയുന്നു, എന്റെ അവസ്ഥമനസ്സിലാക്കുന്നു, അവൻ എന്നെ കരുതുന്നു, എനിക്കുവേണ്ടി നല്ലപദ്ധതികൾ അവന്റെ പക്കലുണ്ട്. ദൈവം വെളിച്ചത്തിൽ പറഞ്ഞവയെ ഇരുട്ടിലിരുന്ന് നാം ഒരിക്കലും സംശയിക്കരുത്.

**പ്രാർത്ഥനാശയം:** ദൈവത്തെ സംബന്ധിച്ചുള്ള നിത്യസത്യങ്ങളെയോർത്തു പ്രാർത്ഥിക്കുക.

# 12. കലിതുള്ളുന്ന യോർദ്ദാൻ

### യോശുവ 3:1–17

ഒരുജീവിതകാലം മുഴുവൻ വിശ്വാസത്തോടുകൂടി മുന്നോട്ടുപോകാൻ ഉപയുക്തമാകുന്ന വലിയ പ്രചോദനം നമുക്കിവിടെ നിന്നും ലഭിക്കുന്നു. പാപത്തിന്റെ ഇടയിൽ നിൽക്കുന്ന നമുക്ക്, ദൈവം വാഗ്ദാനം ചെയ്യുന്ന സമ്പൽ സമൃദ്ധിയുടെ ദേശം അപ്രാപ്യമാണന്നു തോന്നിയേക്കാം. എന്നാൽ ജീവിതത്തിൽ വരുത്തുന്ന ചിലമാറ്റങ്ങൾ കർത്താവിനു നമ്മുടെജീവിതത്തിൽ

സമാധാനത്തിന്റെയും സ്നേഹത്തിന്റെയും നമ്പൽ സമൃദ്ധിയുടെയുമായ അത്ഭുതങ്ങൾ കൊണ്ടു വരുവാൻ സാധിക്കുമെന്ന് യോശുവ നമ്മെ ഓർമ്മിപ്പിക്കുന്നു. എന്തൊക്കെയാണ് ആ മാറ്റങ്ങൾ? ഐക്യം, അനുസരണം, സ്വയം ശുദ്ധീകരണം, നായകർക്കുപിന്നിൽ ഒറ്റക്കെട്ടായ അണിചേരൽ എന്നിവയാണ് അക്കാര്യങ്ങളെന്ന് ഈ വേദഭാഗത്തുനിന്നും നമുക്കു വ്യക്തമായി മനസ്സിലാക്കാം.

മനസ്സിലും, പ്രവൃത്തികളിലും പൂർണ്ണമായ ഐക്യം നമ്മുടെ ഇടയിൽ ഉണ്ടാവണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമുക്കു ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളിൽ മാത്രമാണ് ദൈവം നമ്മിൽ നിന്നും അനുസരണം ആവശ്യപ്പടുന്നത്. മനുഷ്യസാധാരണമല്ലാത്ത ഒരുനിബന്ധനയും ദൈവം മുന്നോട്ടു വയ്ക്കുന്നില്ല. വെള്ളം വായു ഭക്ഷണം എന്നിവപോലെതന്നെ അത്യന്താപേക്ഷിത മാണ് ശുദ്ധീകരണവും. അധികനാൾ മാലിന്യങ്ങളിൽ വസിക്കുവാൻ നമുക്കുകഴിയുകയില്ല. ദൈവം തിരഞ്ഞെടുത്ത നായകർക്കു നാം വിധേയരായിരിക്കണമെന്നത് ദൈവകൽപ്പനയാണ്.

ദൈവത്തിന്റെ നിലപാടിനനുസരിച്ച് ഇസ്രായേൽ ജനത മാറ്റങ്ങൾ വരുത്തിയപ്പോൾ അസാദ്ധ്യമെന്നു കരുതിയ യോർദ്ദാൻ നദി അതിന്റെ നിറഞ്ഞു കവിഞ്ഞ അവസ്ഥയിൽ മറികടക്കാൻ കഴിഞ്ഞു. നമ്മൾ ഒരോരുത്തരും ദൈവത്തെ അനുസരിച്ചു മുന്നോട്ടുപോകുമ്പോൾ, ജീവിതത്തിൽ തടസ്സമാ യിനിൽക്കുന്ന പലയോർദ്ദാൻ നദികളും നമുക്കുവഴിമാറിത്തരും. ഏവരേയും ദൈവം അവനുഗ്ര ഹിക്കട്ടെ.

**പ്രാർത്ഥനാശയം:** ദൈവത്തിനു കീഴടങ്ങാതെ മറുതലിക്കുന്ന ഏതൊക്കെ മേഖലകളാണു നിങ്ങ ളുടെ ജീവിതത്തിൽ ഉള്ളതെന്നു ഏറ്റുപറഞ്ഞു പ്രാർത്ഥിക്കുക.

# 13. ജെറിക്കോയുടെ പതനം

### ജോഷ്വ 6:1–22

ദൈവം പറഞ്ഞതെല്ലാം ജോഷ്വ പൂർണ്ണമായും വിശ്വസിക്കുകയും ഒന്നും വിട്ടുകളയാതെ അനുസ രിക്കുകയും ചെയ്തു. അതിരാവിലെതന്നെ എഴുന്നേറ്റു ജോഷ്വയും പുരോഹിതന്മാരും മറ്റെല്ലാ വരും നഗരത്തിനു ചുറ്റും കവാത്തു നടത്തി പാളയത്തിലേക്കുമടങ്ങി.

നഗരത്തിനുചുറ്റും കവാത്തു നടത്തണമെന്നല്ലാതെ എപ്പോൾ വേണമെന്ന് ദൈവം പറഞ്ഞിരുന്നില്ല. എന്നാൽ ജോഷ്വാ അതിരാവിലെതന്നെ പുറപ്പെട്ടു. അബ്രാഹാമിന്റെ ജീവിതത്തിലും ഇതു പോലെ കാണാൻ കഴിയും. ഇസഹാക്കിനെ ബലി നൽകാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ അബ്ര ഹാമും അതിരാവിലെതന്നെ അതിനായി പുറപ്പെട്ടു. ദാവീദാകട്ടെ പ്രാർത്ഥനയ്ക്കായി പ്രഭാത ത്തിൽ തന്നെ ദൈവത്തിനായി ഒരുക്കി കാത്തിരുന്നു (സങ്കീ 5:3). യേശുവും അതിരാവിലെ എഴുന്നേറ്റ് ഒരുവിജന സ്ഥലത്തു പോയി പ്രാർത്ഥിച്ചു. നാം പ്രാർത്ഥിക്കുന്ന സമയം ഏതാണ്? അതിരാവിലെതന്നെ ദൈവവുമായി സമയംചിലവഴിക്കുമോ അതോ പിന്നത്തേക്ക് മാറ്റിവയ്ക്കു മോ. പിന്നീടത്തേക്കു മാറ്റിവയ്ക്കുന്ന ഒരു കാര്യം നമുക്കു ചെയ്യാൻ താത്പര്യമില്ലാത്ത കാര്യമാണ്. മാറ്റിവയ്ക്കുന്നത് അതു ചെയ്യാതിരിക്കുന്നതിന് തുല്യമാണ്.

ആറുദിവസം അവർ നഗരത്തിനു ചുറ്റും കവാത്തു നടത്തിയിട്ടും ഒന്നും സംഭവിച്ചില്ല. എങ്കിലും അവർ നിരാശരാകാതെ 7-ാം ദിവസത്തിലെ 7-ാം പ്രാവശ്യവും വരെ ദൈവം പറഞ്ഞത് അനു സരിച്ചു.

നാം ഒരാളെ ശിഷ്യനാക്കാൻ ശ്രമിക്കുമ്പോൾ ഒരുമാറ്റവും കാണാത്തപ്പോഴും നിരാശനാകാതെ, ദൈവം പ്രവർത്തിക്കും എന്നുവിശ്വസിച്ച് പൂർണ്ണമായും പരിശ്രമിക്കുമെങ്കിൽ നമുക്കു വലിയ അത്ഭുതങ്ങൾ കാണാൻ കഴിയും.

നശിപ്പിക്കാനായിട്ടുള്ള വസ്തുക്കളിൽനിന്നും ഒന്നും നിങ്ങൾ എടുക്കരുതെന്ന് 18-ാം വാക്യത്തിൽ ജോഷ്വ ഓർമ്മിപ്പിക്കുന്നു. പാപത്തിന്റെ കാര്യത്തിൽ നാം കർശനമായ നിലപാട് എടുക്കേണ്ടിയിരിക്കുന്നു. ദൈവത്തിന് അനുയോജ്യമല്ലാത്ത ഒരുകാര്യവും നാം ആഗ്രഹിക്കരുത്. നമ്മുടെ ഹൃദയത്തിൽഎടുക്കരുത്.

കോളോ 3:5-10 ഭൗമികമായി നിങ്ങളിൽ ഉള്ളസ്വഭാവങ്ങളെയെല്ലാം നശിപ്പിച്ചുകളയുവിൻ എന്നു നമുക്കുവിടെ  വായിക്കാൻ കഴിയും. അതിനുള്ള ഒരു തീരുമാനം ഇന്നു നമുക്കെടുക്കാം.

**പ്രാർത്ഥനാശയം:** പാപങ്ങൾ വിശദമായിത്തന്നെ ഏറ്റുപറയുക.

# 14. നിശ്ചലനായ സൂര്യൻ

### ജോഷ്വ 10:6-14

ദൈവത്തിലുള്ള ജോഷ്വായുടെ വിശ്വാസവും, മറ്റുള്ളവർകേൾക്കെ അതേറ്റുപറയുന്നതിനുള്ള ധൈര്യവും ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടകാര്യമാകുന്നു. ജോഷ്വ ദൈവത്തിന്റെ പ്രവർത്തികളെ വളരെയധികം ശ്രദ്ധയോടെ വീക്ഷിക്കുന്ന വ്യക്തിയായിരുന്നു. ഇസ്രായേൽക്കാർക്ക് ജയം അസാധ്യമായിരുന്ന ഒരു യുദ്ധമാണ് ദൈവം ഇവിടെ അവർക്കു സാധ്യമാക്കികൊടുക്കുന്നത്. ഇസ്രായേൽ ജനങ്ങൾ ദൈവമഹത്വം ദർശിക്കുന്നതിനുവേണ്ടി, ദൈവമാണ്വിജയം നൽകുവാൻ പോകുന്നത് എന്ന് ജനങ്ങൾ കേൾക്കെ ഉറക്കെ വിളിച്ചു പറയുന്ന ജോഷ്വയെ നമുക്കിവിടെ കാണാം.

സൂര്യാ, നീ ഗിബയോനിലും ചന്ദ്രാ, നീ അയ്യലോൻ താഴ്‌വരയുടെ മുകളിലും നിൽക്കുക എന്നു പറഞ്ഞ ജോഷ്വയുടെ അപേക്ഷ ദൈവം മുമ്പെങ്ങുമില്ലാത്തവിധത്തിൽ കേട്ടു. സൂര്യൻ അസ്തമിച്ചില്ല.

ഇന്നു നമുക്കു ദൈവത്തിലുള്ള വിശ്വാസവും നമുടെ വിശ്വാസം മറ്റുള്ളവരുടെ മുൻപിൽ ഏറ്റുപറയുവാൻ നാം കാണിക്കുന്ന തീക്ഷ്ണതയും അനേകർ ദൈവത്തിൽ വിശ്വസിക്കുവാനും ദൈവത്തിന്റെ മഹത്വം ദർശിക്കുവാനും ഇടയാക്കും.

ഇന്നു നിങ്ങൾക്കു ദൈവത്തിലുള്ള വിശ്വാസം മറ്റുള്ളവരോട് പങ്കുവയ്ക്കുകയുംദൈവം നിങ്ങളുടെജീവിതത്തിൽ പ്രവൃത്തിച്ചിട്ടുള്ള വലിയകാര്യങ്ങളെകുറിച്ച് ദൈവത്തിനു നന്ദി പറയുകയുംചെയ്യുക.

**പ്രാർത്ഥനാശയം:** യേശുവിനുവേണ്ടി ശക്തമായ ഒരു കാര്യം ചെയ്യാനുള്ളതീരുമാനം ഇന്നത്തെ പ്രാർത്ഥനയിൽ എടുക്കുക.

# 15. ഗിദെയോനും ദൈവവും

### ന്യായാധിപർ 6:11-23

ദൈവം നിന്റെ കൂടെ, ശക്തനായ പോരാളീ, എന്ന് കർത്താവ് ഗിദെയോനോട് അരുളിച്ചെയ്തു. എന്നാൽ ഒളിച്ചിരിക്കാനാണ് ഗിദെയോൻ തീരുമാനിച്ചത്. തനിക്കും തന്റെ ജനത്തിനും വന്നുചേർന്നിരിക്കുന്ന കഷ്ടതകൾ എന്തുകൊണ്ട് എന്നും ഗിദെയോൻ ചോദിച്ചു. ദൈവം എന്തുകൊണ്ടു തങ്ങളെ സഹായിക്കുന്നില്ല എന്നതായിരുന്നു ചോദ്യം. ദൈവത്തെയും അവനുമായുള്ള ഉടമ്പടികളെയും തങ്ങൾ തള്ളിക്കളഞ്ഞതിന്റെ പരിണതഫലമാണിതെന്ന കാര്യം ഗിദെയോൻ മറന്നു. നാം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചു വിസ്മരിച്ചിട്ട്, ദൈവത്തിനുമേൽ നമ്മുടെ പ്രയാസങ്ങളെ പഴിചാരുകയെന്നത് എളുപ്പമാണ്.

നിർഭാഗ്യവശാൽ ഇതുകൊണ്ടൊന്നും നമ്മുടെ പ്രശ്നങ്ങൾ തീരുകയില്ല.

ഈമനോഭാവം ദൈനത്തോടുനമ്മെ അടുപ്പിക്കുകയുമില്ല. പിന്മാറ്റത്തിന്റെയും ധിക്കാരപരമായ പെരുമാറ്റത്തിന്റെയുമൊക്കെ അങ്ങേ തലയ്ക്കൽ അതു നമ്മെ എത്തിക്കുകയും ചെയ്യും. എതിർപ്പുകളെ അതിജീവിക്കാനുള്ള കരുത്തുദൈവം നൽകുമെന്ന് ദൈവം വാഗ്ദാനം ചെയ്തു (വാ 14-16). എന്നിട്ടും ഗിദെയോൻ തന്റെ പോരായ്മക്കളത്തന്നെയാണ് മുറുകെപിടിക്കുന്നത്. ദൈവത്തിന്റെ കഴിവുകളെ കാണുന്നകാര്യകത്തിൽ അവൻ പരാജിതനായി.

ദൈവം നമുക്കും വ്യക്തമായ ഉത്തരവാദത്തങ്ങൾ കൽപ്പിച്ചിട്ടുണ്ട്. അതിനുള്ള പണിസാധനങ്ങളും കഴിവുമെല്ലാം ദൈവം നമുക്കു നൽകിയിട്ടുണ്ടെങ്കിലും, നാം പലപ്പോഴും ഒഴികഴിവുകളുടെ മറവിൽ ഒളിച്ചിരിപ്പാണ്. ദൈവ പദ്ധതികളിൽ നമുക്കു കൂടുതൽ സമയം ചിലവഴിക്കാം, നമ്മുടെ തന്നെ ചിന്തകളിൽ നിന്നും ഒഴിഞ്ഞുകൊണ്ട്. സമാധാനത്തോടുകൂടിയിരിക്കുക, ഭയചകിതനാകരുത്, നീ മരിക്കാനൊന്നും പോകുന്നില്ല എന്ന് ദൈവം ഗിദെയോനോടു പറഞ്ഞു.

നമുക്കും മുന്നോട്ടു പോകുന്നതിനായി ദൈവത്തിൽ നിന്നുള്ള ഉറപ്പുകൾ ആവശ്യമാണ്.

**പ്രാർത്ഥനാശയം:** ശല്ല്യപ്പെടുത്തുമ്പോൾ നിങ്ങളെങ്ങിനെയാണു പെരുമാറുന്നത് എന്ന് ഫാമിലി ഗ്രുപ്പിലുള്ള മറ്റു സഹോദരങ്ങളോടു ചോദിക്കുക. അവരോടു സഹായം ആവശ്യപ്പെടുക.

# 16. പഴയതു നശിപ്പിച്ചു പുതിയതു പണിയുക

## ന്യായാധിപർ 6:25-32

ബാലിന്റെ ബലിപീഠം ഇടിച്ചുനിരത്തി, ഈമലമുകളിൽ ദൈവത്തിനു അനുയോജ്യമായ ഒരു യാഗപീഠം പണിയുക എന്ന് യഹോവ ഗിദയോനോട് ആവശ്യപ്പെട്ടു. അന്നു ഗിദയോനോടു ദൈവം കൽപ്പിച്ചത് ഇന്നു നമ്മോടും ആവർത്തിക്കുന്നു.

കൊളോസ്യർ 3:5

നശിപ്പിക്കുക: ദുർവൃത്തി, അശുദ്ധി, ദുഷ്കാമം, ദുരാഗ്രഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം, എന്നിങ്ങനെയുള്ള ഭൗമികസ്വഭാവങ്ങളെ.

പണിയുക: ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരും പ്രിയരുമായി മനസ്സലിവ്, ദയ, വിനയം, സൗമ്യത, ക്ഷമ, എന്നിവ.

എഫേസ്യർ 4:22-24

നശിപ്പിക്കുക: നിങ്ങളുടെ മുൻകാലജീവിതരീതി പരിഗണിക്കുമ്പോൾ വഞ്ചനാപരമായ മോഹങ്ങളാൽ മലിനനായിത്തീർന്ന പഴയമനുഷ്യനെ.

പണിയുക: നിങ്ങളുടെ ഉള്ളിലുള്ള ആത്മാവിൽ പുതുക്കം പ്രാപിച്ച്, സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയമനുഷ്യനെ.

റോമർ 6:11-13

നശിപ്പിക്കുക: പാപത്തിന്റെ മോഹങ്ങളെ അനുസരിക്കാൻ തക്കവണ്ണം പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഇനി വാഴരുത്. നിങ്ങളുടെ അവയവങ്ങളെ പാപത്തിനു സമർപ്പിക്കരുത്.

പണിയുക: ക്രിസ്തുവേശുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരായി നിങ്ങളെത്തന്നെ എണ്ണുവിൻ. നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ഉപകരണങ്ങളായി ദൈവത്തിനു സമർപ്പിക്കുക.

റോമർ 8:13

നശിപ്പിക്കുക: ആത്മാവിനാൽ ശരീരത്തിന്റെ ദുഷ്പ്രവൃത്തികളെ

പണിയുക: ദൈവാത്മാവിനാൽ നയിക്കപ്പെടുക

മാനസാന്തരമെന്നത് ഇതുന്നെയാണ്. ഭൗമീകമായ ബലിപീഠങ്ങളെ നശിപ്പിച്ച് കർത്താവിനായി അനുയോജ്യമായ ബലിപീഠങ്ങൾ പണിയുക. ദൈവം ആവശ്യപ്പെട്ട പ്രകാരം ഗിദെയോൻ ചെയ്തതു പോലെ.

30-ാം വാക്യത്തിൽ ചുറ്റുമുള്ളവരുടെ പ്രതികരണം നമുക്കുകാണാം. ബാലിന്റെ ബലിപീഠം നശിപ്പിച്ചവൻ നശിക്കണം. നമ്മുടെ മാനസാന്തരത്തെക്കുറിച്ചും ഈലോകത്തിന്റെ പ്രതികരണം ഇതിലും മെച്ചമാകാൻ വഴിയില്ല. നാം ഈലോകത്തിന്റേതായിരുന്നുവെങ്കിൽ, അതിന്റെ സ്വന്തമെന്ന പോലെ ലോകം നമ്മെ സ്നേഹിക്കുമായിരുന്നുവെന്ന് യേശുപറഞ്ഞല്ലോ! ഈലോകത്തിനുവിരുദ്ധരായിരിക്കാൻ യേശുനമ്മെവിളിച്ചിരുക്കായ്കയാൽ ഈലോകം നമ്മെ വെറുക്കുന്നു (യോഹ 15:19)

ക്രിസ്തുവേശുവിൽ ദൈവീകജീവിതം നയിക്കുന്നവർ തീർച്ചയായും പീഠിപ്പിക്കപ്പെടേണ്ടവരല്ലയോ? (2 തിമോത്തി 3:12)

**പ്രാർത്ഥനാശയം:** ആത്മപരിശോധന നടത്തി, നിങ്ങളിൽ ഇനിയും നശിപ്പിക്കപ്പെടാതെ ഇരിക്കുന്ന പഴയമനുഷ്യന്റെ ബലിപീഠങ്ങൾ ഏവയെന്നു കണ്ടു പിടിക്കുക.

# 17. ശിംശോന്റെ ജനനം

## ന്യായാധിപർ 13:1-25

ദൈവം നമ്മളെ ഒരുക്കമുള്ളവരാക്കുന്നതിനായി, വചനത്തിൽ കൂടുതൽ ഉൾക്കാഴ്ചകൾ നൽകുന്നതിനുവേണ്ടി ഈ പ്രഭാതം തന്നതിന് നന്ദി പറയാം.

### ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട സ്ത്രീ. (ന്യായാധിപർ 13:1-5)

ദൈവം തന്റെ ദൂതനെ അയയ്ക്കുവാൻ തക്കവണ്ണം ദൈവത്തിന്റെ അടുക്കലേയ്ക്ക് അവളുടെ പ്രാർത്ഥന എത്തി. ദൈവം തന്റെ ദൂതനെ വിട്ട് എങ്ങിനെയാണ് ജീവിക്കേണ്ടതെന്ന് അവൾക്കു പറഞ്ഞു കൊടുത്തു (മുൻപ് സാറായോടും പിന്നീട് മറിയത്തോടും). നിന്നിൽനിന്നും ജനിക്കാനിരിക്കുന്നവൻ ഇസ്രായേലിനെ നയിക്കാനുള്ളവനാണ് എന്നും മനസ്സിലാക്കിക്കൊടുത്തു. നമ്മെ തിരഞ്ഞെടുത്ത ദൈവം നമുക്ക് മക്കളെ നൽകുമ്പോൾ നമ്മളെപ്പോലെ തന്നെ നമ്മുടെ മക്കളെയും മുൻകൂട്ടി തിരഞ്ഞെടുത്തിരിക്കുന്നവനാണ്.

### ഐക്യം ഉള്ളയിടം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടത്. (ന്യായാധിപൻ 13:6-10)

മനോവറുടെ ഭാര്യയ്ക്കു തന്റെ ജീവിതത്തിലെ എല്ലാകാര്യങ്ങളും തുറന്ന് പറയുന്ന ഒരു മനോഭാവം ഉണ്ടായിരുന്നു. അതുകൊണ്ട് ദൈവപുരുഷൻ വന്നതു മനോവറിനോടു പറയുകയും ചെയ്തു. നമ്മുടെ ജീവിതത്തിലെ എല്ലാകാര്യങ്ങളും പരസ്പരം തുറന്നു സംസാരിക്കുന്നവരായിരിക്കണം. മനോവർ തന്റെ ഭാര്യയുമൊത്ത് ദൈവത്തിന്റെ അടുക്കലേയ്ക്ക് പോയി. തങ്ങൾക്ക് ജനിക്കാൻ പോകുന്ന മകനെ എങ്ങിനെ വളർത്തണമെന്ന് ദൈവത്തോടു ചോദിച്ചു. നമ്മുടെ മക്കളെവളർത്തേണ്ട വിധം, നമ്മളിന്ന് ആരോടാണു ചോദിക്കുന്നത്.

അനുഗ്രഹമുള്ളിടത്ത് ദൈവത്തിന്റെ സംരക്ഷണമുണ്ടായിരിക്കും. (ന്യായധിപർ 13:15-25)

മനോവറും ഭാര്യയും നന്ദിപൂർവ്വം പെരുമാറി. അവർ ദൈവഹിതം ആരായുക മാത്രമല്ല, ദൈവത്തിന്റെ തീരുമാനത്തിനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. സഹോദരീസഹോദരന്മാരെ, നമുക്കും ദൈവത്തിന്റെ ഇഷ്ടപ്രകാരം നമ്മുടെ മക്കളെ വളർത്തി ദൈവതിരുമുൻപിൽ നിർത്താം.

**പ്രാർത്ഥനാശയം:** നിങ്ങളുടെ കുടുംബം ഭാവിയിൽ ദൈവത്തിനുവേണ്ടി എങ്ങിനെയുള്ളവരായി ത്തീരണമെന്നു ചിന്തിക്കുക. അങ്ങനെയാവാനായി സഹായമെടുക്കുക.

# 18. കീഴടങ്ങലിലെ വിജയം

## ന്യായാധിപർ 16:23-30

ഇസ്രായേലിന് ഇരുപത് സംവത്സരം ന്യായം നടത്തിയവ്യക്തിയാണ് ശിംശോൻ. ബാലസിംഹങ്ങളെപ്പോലും ആയുധമില്ലാതെ കീഴടക്കാൻ തക്കവണ്ണം വളരെ ശക്തനായ മനുഷ്യനായിരുന്നു അദ്ദേഹം. പല സമയത്തും അവൻ തനിക്കുനേരേവരുന്ന ജനക്കൂട്ടത്തെ ഏകനായി നേരിടുകയും അവരെ തകർത്ത് കളയുകയും ചെയ്യുമായിരുന്നു. പക്ഷേ ഇവിടെ നാം കാണുന്നത് നിസ്സഹായ നായ ഒരു ശിംശോനെയാണ്.

ശിംശോന്റെ ശക്തി എന്നത് ക്ഷൗരക്കത്തി തൊടുവിക്കാത്ത തന്റെ തലമുടിയാണ്. ഒരു സ്ത്രീയുടെ വഞ്ചനയാൽ അതവൻ നഷ്ടപ്പെടുത്തി. തന്നിൽ നിന്നും തന്റെശക്തി പൂർണമായും എടുക്കപ്പെട്ടു എന്നു തനിക്ക് പൂർണബോധ്യമായിരുന്നു. എന്നിട്ടും പൂർണവിശ്വാസത്തോടെ അവൻ ദൈവത്തോടു പ്രാർത്ഥിക്കുന്നതു കാണാൻ സാധിക്കും. അതോടൊപ്പം തന്നെ ആ വിശ്വാസത്തോടെ പ്രവർത്തിക്കുന്നതും നമുക്കു കാണാം. അവൻ ജീവിച്ചിരിക്കുമ്പോൾ ഉന്മൂലനം ചെയ്ത നരേക്കാൾ അധികമായിരുന്നു അവൻ മരിക്കുന്ന സമയത്ത് ജീവൻ എടുത്തവരുട എണ്ണം. നമ്മുടെ ആത്മീയജീവിതം ഏതാണ്ട് ഇതുപോലെയാണ്. നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയശക്തി വിശ്വാസം ആണ്. വിശ്വാസത്താൽ വളരെവലിയകാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ചെയ്തിട്ടുള്ളവരാണു നാം. ചിലസന്ദർഭങ്ങളിൽ ലോകത്തിന്റെ ആകർഷണ വലയത്തിൽപ്പെട്ട് നമ്മുടെ വിശ്വാസം നഷ്ടപ്പെടാറുണ്ട്, അല്ലെങ്കിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. നമുക്കു ശിംശോന്റെ ജീവിതത്തിൽ നിന്നും പാഠം ഉൾക്കൊള്ളാം.

തനിക്ക് എല്ലാം നഷ്ടപ്പെട്ട സമയത്തും, അവൻ ദൈവത്തിൽ ആശ്രയിച്ചും വിശ്വാസം ആർജ്ജിച്ചും പ്രവർത്തിച്ചതുപോലെ നമ്മുടെ ജീവിതത്തിലും വിശ്വാസത്തോടെ പ്രാർത്ഥിച്ച് നമുക്കു പ്രവർത്തിക്കാം. നമ്മുടെ ജീവിതത്തിലും വലിയകാര്യങ്ങൾ സംഭവിക്കട്ടെ.

**പ്രാർത്ഥനാശയം:** ഇന്നുനിങ്ങളുടെ വിശ്വാസം എങ്ങിനെയുണ്ടെന്നു ചിന്തിക്കുക. വിശ്വാസത്തെ ഹനിക്കുന്ന വസ്തുതകൾ ഏവയാണ്? അവയെ നശിപ്പിക്കാൻ തീരുമാനിക്കുക.

# 19. ശരിയായ തിരഞ്ഞെടുപ്പ്

## റൂത്ത് 4:13-17

ഇസ്രായേലിനോടും ഇസ്രായേലിന്റെ ദൈവത്തോടും കൂറുപുലർത്താനായി തന്റെ ജാതീയബന്ധങ്ങളും പാരമ്പര്യങ്ങളും ഉപേക്ഷിക്കുന്ന പുറജാതിക്കാരിയായ റൂത്ത് യേശുവിന്റെ വംശാവലിയിലെ ഒരു കണ്ണിയായിത്തീരുന്ന മഹനീയ കാഴ്ചയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. ഇവിടെ കാണുന്ന ഓരോവ്യക്തിയും നമ്മുടെ ജീവിതത്തോടു താദാത്മ്യം പ്രാപിക്കുന്നവരാണ്.

എലിമെലേക്, മാഹ്ളോൻ, കില്ല്യോൻ: (റൂത്ത് 1:1-5) ദൈവം ക്ഷാമത്തിനൊരു അറുതിവരുത്തുമെന്നുള്ള പ്രതീക്ഷയില്ലാതെ അന്യദേശത്തെ സമൃദ്ധിനോക്കിപ്പോയ ഒരുവനും മക്കളും. മക്കളവിടെനിന്നും ഭാര്യമാരെസ്വീകരിച്ചെങ്കലും നിർഭാഗ്യവശാൽ അവർക്കവിടെ ജീവൻ വെടിയേണ്ടിവന്നു. നമ്മുടെ ശിഷ്യത്വജീവിതത്തിലും പ്രത്യാശയില്ല എന്നുതോന്നുമ്പോൾ, ജീവിതം പച്ചപിടിപ്പിക്കാനായി ദൈവജനത്തെയും അവിടുത്തെ വാഗ്ദാനങ്ങളെയും വിട്ട് അന്യദേശത്തേക്ക് ഓടിപ്പോകുമോ?

നവോമി: ഒരു സ്ത്രീയുടെ ജീവിതത്തിൽ അത്യന്താപേക്ഷിതമായ സ്നേഹവും സംരക്ഷണവും അവൾക്ക് ഇല്ലാതായി. ജീവിതം കയ്പ്പുനിറഞ്ഞതായപ്പോൾ മരുമക്കളോടു തങ്ങളുടെ പിതൃഭവനങ്ങളിലേക്കു തിരികെപ്പോകാൻ ആവശ്യപ്പെടാൻ അവൾ നിർബന്ധിതയായി. ദൈവത്തിലുള്ള വിശ്വാസം നവോമി കൈവിട്ടില്ല.

ഓർപ്പ: ഓർപ്പയ്ക്കും റൂത്തിനും ഒരേവഴികളാണ് മുന്നിലുണ്ടായിരുന്നത്. എന്നാൽ ഭാവിസുരക്ഷയെ സംബന്ധിച്ച് ഒരു തിരഞ്ഞെടുപ്പു വേണ്ടിവന്നപ്പോൾ ഓർപ്പ സ്വന്തം വഴിതേടിപ്പോയി. ഭാവി അനിശ്ചിതമാണന്ന കാരണത്താൽ ഒരുതീരുമാനമെടുക്കേണ്ടിവരികയാണങ്കിൽ നാമെന്താവും ചെയ്യുക?

റൂത്ത്: തനിക്കന്യനായിരുന്ന ദൈവത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കി. അവിടത്തോടു വിശ്വസ്തയായിരിക്കാൻ ഉറച്ചു. പുസ്തകത്തിലുടനീളം അവൾ എല്ലാം നവോമിയോടു തുറന്നു സംസാരിക്കുന്നതും, നവോമിയുടെ ഉപദേശപ്രകാരം മാത്രം മുന്നോട്ടുപോകുന്നതും നമുക്കുകാണാം. ഒരു ശിഷ്യനുവേണ്ടകാര്യങ്ങളല്ലേ ഇതെല്ലാം?

അവൾ ശരിയായ വഴി തിരഞ്ഞെടുക്കുകയും നീതിയായി ജീവിക്കുകയും ചെയ്തതിനാൽ ദൈവം അവളെ രക്ഷകന്റെ ഒരു മുത്തശ്ശിയായി തിരഞ്ഞെടുത്തു.

ഏറ്റവുമടുത്ത വീണ്ടെടുപ്പുകാരൻ: നേട്ടവും പ്രശസ്തിയും ഉണ്ടാവുകയില്ല എന്നറിഞ്ഞപ്പോൾ നിരസിച്ച ഉത്തരവാദത്തം അവന് എന്തു നഷ്ടമാണുണ്ടാക്കിയതെന്നു നോക്കുക - യേശുവിന്റെ വംശാവലിയിൽ ഉൾപ്പെടാനുള്ള അവസരം. ബൈബിളിൽ അവന്റെ പേരുപോലും എഴുതിയിട്ടില്ല.

മറ്റുള്ളവർ കാണാതെയും അഭിനന്ദിക്കാതെയുമിരിക്കുമ്പോൾ ദൈവം നൽകിയ ഉത്തരവാദത്തങ്ങൾ നാം തിരസ്കരിക്കുന്നവരാണോ?

ബോവാസ്: അദ്ദേഹത്തിന് ഇത്രനല്ല ഒരു ഹൃദയം എവിടെനിന്നും ലഭിച്ചു? (മത്തായി 1:5 നോക്കുക) അവന്റെ മാതാപിതാക്കളിൽനിന്നു തന്നെ. രാഹാബിനെ വിവാഹം കഴിച്ചത് ശല്മോനു സമൂഹത്തിൽ അഭിനന്ദനം കിട്ടുന്ന കാര്യമല്ലായിരുന്നു. എന്നാൽ അവൻ ദൈവീകമായ വഴിതിരഞ്ഞെടുത്തതിനാൽ അവന്റെ മകനും അതേവഴിതന്നെ സ്വീകരിച്ചു.

ദൈവീകകാര്യത്തിനുവേണ്ടി ഒരു തിരഞ്ഞെടുപ്പുവന്നപ്പോൾ ശല്മോനും, രാഹാബും, ബോവാസും, റൂത്തുമൊക്കെ ആവഴിതന്നെ തിരഞ്ഞെടുത്തു. ദൈവം അവരെമറന്നില്ല, അവരെ തന്റെ മകനു പിറക്കാനുള്ള വംശാവലിയിൽ ചേർത്ത് അവരുടെ ജീവിതം മനോഹരമാക്കി. ഓർക്കുക; ദൈവരാജ്യത്തിൽ ഒരു ആത്മീയതലമുറയ്ക്ക് വംശാവലിയാകാൻ ദൈവം നമ്മെയും തിരഞ്ഞെടുത്തിരിക്കുന്നു.

**പ്രാർത്ഥനാശയം:** നമുക്കറിയാവുന്ന ശിഷ്യന്മാരിലെ നല്ല ഗുണങ്ങളെക്കുറിച്ചോർത്ത് ദൈവത്തെ സ്തുതിക്കുക. അവരോടും പങ്കുവയ്ക്കുക.

# 20. കർത്താവിന്റെ നാമത്തിൽ...

### 1 ശമുവേൽ 17:41–50

കേവലമൊരു ആട്ടിടയനായ ദാവീദ് മല്ലനായ ഗോലിയാത്തിനെ കീഴടക്കിയതു നാമിവിടെ കാണുന്നു. ബാല്യം മുതൽ യുദ്ധമുറകളിൽ പരിശീലനം നേടിയ ശക്തനായ ഒരു പോരാളിയായിരുന്നു ഫിലിസ്ത്യനായ ഗോലിയാത്ത്. അവന്റെ രൂപത്തെക്കുറിച്ചും കവചങ്ങളെക്കുറിച്ചും വചനത്തിൽ നാം കാണുന്നു. വിശ്വസിച്ചാലും ഇല്ലെങ്കിലും, 110 കിലോ ഭാരമുള്ള കവചങ്ങളായിരുന്നു ഗോലിയാത്ത് ധരിച്ചിരുന്നത്. കാണുന്നമാത്രയിൽ തന്നെ ആളുകൾ ഭയചകിതരാകും.

തന്റെ പിതാവിന്റെ ആടുകളെ മേയ്ക്കാൻ ചുമതലയുള്ള കോമളബാലനായിരുന്നു ദാവീദ്. ആടുകളെ മേയ്ക്കുന്നതിൽ മാത്രമല്ല, ദൈവത്തിന്റേതായ കാര്യങ്ങൾ അവഹേളിക്കപ്പെടാതിരിക്കാനും അവൻ തീക്ഷ്ണതയുള്ളവനായിരുന്നു.

ഫിലിസ്ത്യന്റെ വെല്ലുവിളികേട്ട ദാവീദ് ദൈവത്തിന്റെ ജനത്തെ സംരക്ഷിക്കാനുള്ള തീക്ഷ്ണതയാൽ ജ്വലിച്ചു. ഗോലിയാത്തിന്റെ രൂപവും ഭാവവുമൊന്നും അവനെ ഭയപ്പെടുത്തിയില്ല. ദൈവത്തിലുള്ള അവന്റെ ആശ്രയം നിഷ്കളങ്കമായിരുന്നു. ഒരൊറ്റ കല്ലുകൊണ്ട് മഹാമല്ലനായവനെ തകർത്തുകൊണ്ട് അവൻ ദൈവജനത്തിനുവിജയമേകി. വലിയ വാളോ, പരിചയോ ഒന്നും ദൈവത്തിന്റെ പരിരക്ഷണത്തേക്കാൾ ഉന്നതമല്ല എന്ന ഉറപ്പ് ദാവീദിനുണ്ടായിരുന്നു. ദൈവത്തിന്റെ നാമത്തിൽ അവന്റെ കഴിവുകൾ അവൻ ഉപയോഗിച്ചു.

ദൈവത്തിലുള്ള വിശ്വാസം ഒരുവന്റെ ജീവിതത്തൽ എന്തുമാറ്റമുണ്ടാക്കുമെന്നും, ദൈവത്തിനായി വേലചെയ്യാനുള്ള ആത്മവിശ്വാസവും ധൈര്യവും എങ്ങുനിന്നെന്നറിയാതെ അവനെങ്ങിനെ ലഭിക്കുമെന്നും നാം കാണുന്നു. ഗോലിയാത്തിനു സമമായ പ്രശ്നങ്ങൾ നമ്മെ അലട്ടുന്നുണ്ടെങ്കിൽ പോലും, ദൈവത്തിനുമുന്നിൽ അവയെല്ലാം തീരെ ചെറുതാണന്നും, ദൈവം അതിലുമേറെ വലിയവനാണന്നുമുള്ള വിശ്വാസം നമുക്കിന്നു സ്വായത്തമാക്കാം. നമ്മുടെ പ്രയാസങ്ങളെ താഴ്ത്താനും നമ്മെ ഉയർത്താനുമുള്ള അധികാരം ദൈവത്തിനുണ്ട്. ദാവീദ് ദൈവത്തെ ആശ്രയിച്ചത്രത്തോളം നാം ദൈവത്തെ ആശ്രയിക്കുന്നുണ്ടോ?

**പ്രാർത്ഥനാശയം:** തന്റെ ഉത്തരവാദത്തങ്ങൾ കാര്യക്ഷമമായിത്തന്നെ ദാവീദു നോക്കി നടത്തിയിരുന്നു. സഭയെ ശോഭയുള്ളവളാക്കാനായി നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന ഉത്തരവാദത്തം എന്താണ്? ഇപ്പോൾ നിങ്ങൾക്കുള്ള ഉത്തരവാദത്തങ്ങൾ കാര്യക്ഷമമായി ചെയ്യാൻ നിറവേറ്റാൻ കഴിയും.

# 21. വിശ്വാസവും അനുസരണയും

### 1 രാജാക്കന്മാർ 17:1–8

യെഹൂദരാജാവായുരുന്ന ആഹാബ് തനിക്കുമുണ്ടായവരെക്കാളെല്ലാം ഉപരിയായി തിന്മ പ്രവർത്തിച്ചയാളായതിനാൽ ഏലിയാവിലൂടെ ദൈവം ശക്തമായി പ്രതികരിക്കുന്നതു കാണാം. ഇസ്രയേലിന്റെ ദൈവം യഹോവയാണന്ന്.. ഏലീയാ വിളിച്ചുപറയുന്നു (17:1, 18:37). യോഹന്നാനും, യോശുവയും, പൗലോസും പറയുന്നത് ഇതിനോടുചേർന്നുള്ളതാണ് (1 യോഹന്നാൻ 4:15, യോശുവ 24:15, അപ്പ 27:23)

യഹോവയാണ് ഏകദൈവം എന്നും യേശുവാണ് സത്യദൈവമെന്നും ഉറച്ചവിശ്വാസവും, വിശ്വസ്തമായ അനുസരണയും നമ്മിലുള്ളപ്പോൾ ഏത് വറ്റിവരണ്ട അവസ്ഥയിലും അത്ഭുതങ്ങൾക്ക് വഴിയൊരുങ്ങും. ഏലിയാവ് അതു ചെയ്തപ്പോൾ മൂന്നരവർഷം നീണ്ടുനിന്ന വരൾച്ച രാജ്യത്തു

ണ്ടായി, ദുഷ്ടനായ ആഹാബിൽ നിന്നും അവനെ രക്ഷിക്കാനും കൂടിയായിരുന്നു ദൈവമിതു ചെയ്തത്.

കാക്കകൾ എപ്പോഴും അന്നം കൊത്തിഭക്ഷിക്കുന്നപറവകളായിരുന്നിട്ടും, ഇവിടെ ഏലിയാവിനായി അവ അപ്പവും ഇച്ചിയും കൊണ്ടുവന്നു കൊടുക്കുന്നതു നാം കാണുന്നു - ആഹാബിന്റെ കൊട്ടാരത്തിൽന്നുതന്നെ ആയിരുന്നിരിക്കാം.

തുടർന്ന് ഏലിയാവിന്റെ പ്രാർത്ഥനാഫലമായി കെരീത്തുതോടുവറ്റിപ്പോകുന്നതും നാം കാണുന്നു. തന്റെ ആശ്രയം തോട്ടിലും കാക്കകളിലും ആയിരിക്കരുത്, പകരം തന്നെ എന്നും നടത്തുന്ന ദൈവത്തിൽ ആയിരിക്കണം എന്ന് ഓർക്കാൻ അവന് ഇടയായി. തോടുകൾ വറ്റുന്ന അവസ്ഥ നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്നദൈവം നമ്മെ മുന്നോട്ടുനയിക്കാൻ പ്രാപ്തനാണ്. സെറാഫത്തിലേക്കും കാർമ്മലിലേക്കും പോകാനുള്ളവിളി ഏലിയാ കേട്ടതുകൊണ്ട് വലിയ അത്ഭുതങ്ങൾ ദൈവം അവനിലൂടെ പ്രവർത്തിച്ചു (18:37-38).

അപ്പസ്തോലനായ പൗലോസിന്റെ ജീവിതത്തിലും താൻ ഏറ്റുപറയുകയും വിശ്വസിക്കുകയും ചെയ്ത നാമത്തിനുവേണ്ടി നിലകൊണ്ടപ്പോൾ, കപ്പൽ ചേതത്തിൽ അകപ്പെട്ടസമയത്ത് തനിക്കും കൂടെയുണ്ടായിരുന്ന എല്ലാവർക്കും ഒരു രോമം പോലും നഷ്ടമാവാതെ പ്രാണഹാനിയിൽനിന്നും രക്ഷപെടാൻ സാധിച്ചു. റോമായിൽചെന്ന് കൈസറുടെമുന്നിൽ യേശുവിലുള്ള തന്റെ വിശ്വാസം ഏറ്റുപറയാൻ വിളിക്കപ്പെട്ടപ്പോൾ തോടുവറ്റിയ (കപ്പലപകടത്തിൽപ്പെട്ടു ജീവൻനഷ്ടമാകുമെന്ന) അവസ്ഥയിൽനിന്നും ദൈവം അവനെ അത്ഭുതകരമായി രക്ഷിക്കുന്നു.

**പ്രാർത്ഥനാശയം:** എന്തുകാര്യങ്ങളെ പ്രതിയാണ് നിങ്ങൾ ദൈവത്തിനെതിരെ പിറുപിറുത്തിട്ടുള്ളത്? നിങ്ങളുടെ വിശ്വാസം തകർക്കാൻ പര്യാപ്തമായ കാര്യങ്ങൾ ഏവയാണ്? അതിനെ അതിജീവിക്കാനുള്ള വഴികളെന്താണ്?

# 22. സെറാഫത്തിലെ വിധവ

### 1 രാജാക്കന്മാർ 17:7-16

ഈ വേദഭാഗത്തിലെ ചില കാര്യങ്ങൾ നമ്മുടെ ചിന്തയ്ക്കും പ്രാർത്ഥനയ്ക്കും വിഷയമാക്കാം.

വാ 7 - തോടുവററിപ്പോയി: എന്തുകൊണ്ടായിരിക്കാം ദൈവമിതുചെയ്തത്? പ്രകൃതിയെ ശല്യംചെയ്യാൻ ദൈവം ആഗ്രഹിച്ചിരുന്നോ? ഏലിയായുടെ വാക്കുകൾക്ക് ദൈവം എത്ര പ്രാധാന്യം കൊടുത്തു? പ്രവാചകനെ ഒരു സുരക്ഷിതസ്ഥാനത്തേക്ക് എന്തുകൊണ്ട് ദൈവം മാറ്റിയില്ല? ശത്രുക്കളിൽ നിന്നുള്ള രക്ഷയോ, വിധവയോടു വിശ്വാസം പങ്കുവയ്ക്കുന്നതോ കാരണമാണോ? ഏലിയാവിന്റെയോ മറ്റുള്ളവരുടേയോ സഹനങ്ങളെ ദൈവം ലഘുവായിട്ടെടുക്കുന്നില്ല. അവരെ വലിയ അത്ഭുതങ്ങൾക്കായി ഒരുക്കുകയാണിവിടെ.

വാ 8- ദൈവത്തിന്റെ അരുളപ്പാട് ഏലീയാവിനുണ്ടായി: ആരോടും സംസാരിക്കാൻ ദൈവത്തിനു കഴിയുമായിരുന്നെങ്കിലും ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ടവരിലൂടെയാണ് സംസാരിക്കുന്നത്. എന്തുകൊണ്ട്?

വാ 9 - സെരാഫത്തിലേക്ക് ഉടൻ പോകുക: ഉടൻ എന്നവാക്കിന്റെ പ്രാധാന്യം എന്ത്? മൂന്നര വർഷമായി ഇസ്രായേൽക്കാർ ക്ഷാമത്തിലാണ്. എന്നാൽ ഏലിയാവിനെപ്പോറ്റാനായി ദൈവം ഈവിധവയെ ഒരുക്കുന്നു. ദൈവത്തിന്റെ കരുണയെക്കുറിച്ചു സംസാരിക്കുവാനായി യേശു ഈ വേദഭാഗം ഉപയോഗിക്കുന്നു (ലൂക്ക 4:25-26) കുഞ്ഞിനെ മരണത്തിലേക്ക് ഏതെങ്കിലും മാതാപിതാക്കൾ വിട്ടുകൊടുക്കുമോ? നമ്മുടെ ദൈവം പാപമോചനത്തിനായി തന്റെ ഏകജാതനെ നല്കിയ കാര്യം ഓർക്കുക. ദൈവം ഏലിയാവിനു നൽകിയ വാഗ്ദാനങ്ങൾ ഇന്നു നമുക്കെത്രവിശ്വാസം നൽകുന്നു.

വാ 12 - എന്തുകൊണ്ടാണവൾ അങ്ങയുടെ ദൈവമായ കർത്താവ് എന്നു പറയുന്നത്?: യഹോവയെ അവളുടെ ദൈവമായി സ്വീകരിച്ചിരുന്നെങ്കിൽ എത്രഅളവിനു അവൾ അനുഗ്രഹിക്കപ്പെട്ടേനേ! നിങ്ങളുടെ ആകുലതകൾ എന്തൊക്കെയാണ്? എന്തുകൊണ്ട്?

വാ 13 - അവളുടെ ജീവന്റെ സുരക്ഷയെക്കുറിച്ച് ഉറപ്പുനല്കാൻ ഏലിയാവിനെങ്ങിനെ കഴിഞ്ഞു?: എന്തുകൊണ്ടാണ് അവളോടുപോയി അപ്പമുണ്ടാക്കി കൊണ്ടുവരുവാൻ പ്രവാചകൻ കൽപ്പിച്ചത്? (അവളുടെ വിശ്വാസം പ്രാവർത്തികമാക്കി കാണുന്നതിനു വേണ്ടിയാണോ?

വാ 14 - എന്തുകൊണ്ടാണ് ദൈവമായ യഹോവയെക്കുറിച്ച് ഏലിയാ അവളോടു പറഞ്ഞത്? അവൾ ആദൈവത്തിൽ പിന്നീട് എത്രമാത്രം വിശ്വാസമർപ്പിച്ചു? നിങ്ങൾക്കുവേണ്ടി ദൈവം നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ ഏവ?

വാ 15 - എവ്വിധമാണ് വിധവയുടെ കുടുംബത്തിനും ഏലിയാവിനും എല്ലാദിവസവും ഭക്ഷണമുണ്ടായത്? (വിധവയുടെ ആത്മാർത്ഥമായ അനുസരണകൊണ്ട്) തന്റെ ജനത മൂന്നരവർഷമായി ക്ഷാമത്തിലായിട്ടും ദൈവം അവൾക്കായി സ്വർഗ്ഗിയ മന്ന പൊഴിച്ചുകൊണ്ടിരുന്നു.

വാ 16 - ആത്യന്തികമായ വിജയവും, സന്തോഷവും, സമാധാനവും എവിടെയാണ്?: ദൈവവചനത്തിൽ. അവിടുത്തെ വാഗ്ദാനങ്ങളിൽ. ഇസ്രായേൽക്കാർ ഏറ്റുപറയാൻ മടിച്ചവിശ്വാസം (വാ 24) അവളുടെ നാവിൽനിന്നുമുണ്ടായി.

ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്രയുണ്ടായിരുന്നാലും അവയെല്ലാം ക്രിസ്തുവിൽ ഉവ്വ് എന്നുതന്നേ. അതുകൊണ്ടത്രേ ഞങ്ങൾ ദൈവമഹത്വത്തിനായി ക്രിസ്തുവിലൂടെ ആമേൻ പറയുന്നത് (2 കൊരിന്ത്യർ 1:20) സ്വർഗസ്ഥനായ പിതാവിന്റെ വാഗ്ദാനങ്ങൾ നമ്മുടെ ആകുലതകളെ ആട്ടിപ്പായിക്കുന്നു. വിശ്വാസത്താൽ അവയെ സ്വന്തമാക്കുക.

**പ്രാർത്ഥനാശയം:** മുകളിൽ പറഞ്ഞചോദ്യങ്ങളെക്കുറിച്ച് ധ്യാനിക്കുക.

# 23. രണ്ടാമതൊരു അവസരം

### 1 രാജാക്കന്മാർ 17:17–24

മരിച്ച ഒരാളുടെ ജീവൻ തിരിച്ചുകിട്ടുക എന്നതിനേക്കാൾ വലിയ ഒരു അത്ഭുതമുണ്ടോ? യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനുരൂപം നൽകി അവന്റെ മൂക്കിൽ ജീവശ്വാസം ഊതി അവൻ ജീവനുള്ള ദേഹിയായിത്തീർന്നു (ഉൽപ്പത്തി 2:7). താൻ ഊതിക്കൊടുത്തശ്വാസം അവൻ തിരികെയെടുക്കുമ്പോൾ മനുഷ്യൻ മരിച്ചു പൊടിയായിത്തീരുന്നു.

ഇവിടെ നാം കണ്ട ബാലനും, ശൂനേം കാരത്തിയുടെ മകനും, ലാസറും, യായിറോസിന്റെ മകളും, നയീനിലെ വിധവയുടെ മകനും, തബീത്തയും, യൂത്തിക്കോസും പിന്നെ യേശുവും (ആകെ എട്ടുപേർ) മരണത്തിന്റെ നിദ്രയിൽ നിന്നും മടങ്ങിവന്നവരാണ്. ഇന്നത്തെ വേദഭാഗത്തേക്കുനോക്കാം.

തന്റെ കുഞ്ഞുമരിച്ചപ്പോഴാണ് ആസ്ത്രീക്ക് തന്റെ പാപത്തെക്കുറിച്ച് ബോധമുണ്ടാകുന്നത് (വാ 18). അതുവരെദൈവത്തേയോ തന്റെ പാപത്തേയോ ഓർത്തില്ല. എന്നാൽ ഇപ്പോഴും മാനസാന്തരപ്പെടുന്നതിനു പകരം ഏലിയാവിനെ കുറ്റപറയുകയാണ് അവർ ചെയ്യുന്നത്. ദൈവപുരുഷനെതിരെ പിറുപിറുക്കുകയും  അവനെ കുറ്റപ്പെടുത്തുകയും ചെയ്യുമ്പോൾ യഥാർത്ഥത്തിൽ ദൈവത്തെത്തന്നെയാണ് കുറ്റപ്പെടുത്തുന്നത്. നമ്മുടെജീവിതത്തിലും പ്രതികൂലസാഹചര്യങ്ങൾ നേരിടേണ്ടിവരുമ്പോൾ നാം ദൈവത്തെയോ മറ്റുശിഷ്യൻമാരേയോ പഴിപറയാറുണ്ടോ? അതോ നാം നമ്മെത്തന്നെ പരിശോധിക്കുമോ?.

പിറുപിറുപ്പ് നേരിടേണ്ടിവന്ന ദൈവപുരുഷനാണങ്കിൽ തിരിച്ചൊരുവാക്കു സംസാരിക്കാതെ ഉറച്ചനിലവിളിയോടെ ദൈവത്തോടു പ്രാർത്ഥിച്ചു. അതിൻ പ്രകാരം ദൈവം മഹാത്ഭുതം പ്രവർത്തിച്ച് ബാലന്റെ ജീവൻ തിരികെ നൽകി. ഇതുകണ്ട സ്ത്രീ മാനസാന്തരപ്പെട്ട് ദൈവവചനം വിശ്വസിച്ചു (വാ 24).

നമുക്കെതിരെ ചോദ്യശരങ്ങളോ കുറ്റപ്പെടുത്തലോ വരുമ്പോൾ പ്രതിരോധത്തിലൂന്നാതെ, ഉറച്ചനിലവിളിയോടും കണ്ണീരോടും കൂടി ദൈവത്തിനടുത്തു ചെല്ലാം, യേശുവിന്റെ മാതൃക പിൻതുടർന്ന് അവിടുത്തെവാക്കുകൾ അന്വർത്ഥമാക്കാം. എന്നിൽ വിശ്വസിക്കുന്നവൻ ഞാൻചെയ്യുന്ന പ്രവർത്തികൾ ചെയ്യും, ഇവയേക്കാൾ വലിയപ്രവർത്തികൾ ചെയ്യും. (യോഹന്നാൻ 14:12). വൻകാര്യങ്ങൾചെയ്യാൻ അവൻ നമ്മെ അനുഗ്രഹിക്കട്ടെ.

**പ്രാർത്ഥനാശയം**: യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന ഞാൻ ആകുന്നു... എന്ന വചങ്ങളെക്കുറിച്ച് യേശുവിനെ സ്തുതിക്കുക. (ഉദാ: ഞാൻ ജീവന്റെ അപ്പം ആകുന്നു)

# 24. ദൈവം അയച്ച അഗ്നി

### 1 രാജാക്കന്മാർ 18:30-39

കാർമ്മൽ മലയിൽ ഏലിയാ യഹോവയുടെ ബലിപീഠം പുതുക്കി നിർമ്മിച്ചു. നോക്കിനിന്നയാളുകളോട് ഒരു തീരുമാനമെടുക്കാൻ കൽപ്പിക്കുകയും ചെയ്തു. പന്ത്രണ്ടു കല്ലുകളും ചുറ്റുമുള്ള തോടും കുതിർന്നുനിറയുന്ന വിധത്തിൽ വെള്ളം നിറച്ചു - ഒരു വിധത്തിലുള്ള ഒളിച്ചുകളിയുമില്ലിവിടെ. എന്നിട്ടവൻ കർത്താവിനെ വിളിച്ചു; യഹോവയായ ദൈവമേ എനിക്കുത്തരം തരേണമേ... (വാ 37)

ഏലിയാവും ബാലിന്റെ സേവകരും തമ്മിലുള്ള വ്യത്യാസം എത്രവലുതാണെന്നു നോക്കുക. ബാൽ സേവകർ ഉച്ചത്തിൽ ആർത്തുവിളിച്ചു, ഉന്മത്തപ്രലപനങ്ങൾ നടത്തി, വാളും കുന്തവും കൊണ്ടു മുറിവേൽപ്പിച്ചു, ഭ്രാന്തമായി ഓരിയിട്ടു, തങ്ങളുടെ ബാൽ ദേവൻ പ്രസാദിക്കാനായി. ഏലിയാവെ നോക്കുക, തികഞ്ഞമനസ്ഥൈര്യത്തോടെ, ആത്മാർത്ഥമായ ഉറപ്പോടെ, ഉത്തമവിശ്വാസത്തോടെ അവൻ പ്രാർത്ഥനയ്ക്കുത്തരം തരുന്ന ദൈവത്തെവിളിച്ചു. നമ്മുടെ യാചനകൾക്കായി കാതു കൂർപ്പിച്ചിരിക്കുന്നവനാണ് ദൈവം.

ഏലിയാ പ്രാർത്ഥിക്കുന്നതെന്തിനാ? ചിലയാളുകളുടെ മനസ്സിലുള്ള ചോദ്യമാണിത്. കാർമ്മലിൽനടക്കുന്ന കാര്യങ്ങളുടെ ഗൗരവം ദൈവത്തിനറിയാമല്ലോ എന്നാണവരുടെ മനസ്സിലിരിപ്പ്. ദൈവവാഗ്ദാനങ്ങൾ നിറവേറ്റപ്പെടുന്ന ശൃംഘലയിലെ ഒഴിവാക്കപ്പെടാനാവാത്ത കണ്ണിയാണ് പ്രാർത്ഥന.

മുൻപും അഗ്നിയിറക്കി ദൈവം പ്രാർത്ഥന കേട്ടിട്ടുണ്ട്. ആദ്യമായി കൂടാരം നിർമ്മിച്ചതിനു ശേഷം ശുദ്ധീകരിക്കുന്ന സമയത്തും (ലേവ്യ 9:24), ദേവാലയ നിർമ്മിതിക്കുശേഷം ശലമോൻ പ്രാർത്ഥിച്ചപ്പോഴും (2 ദിന 7:1), പടയാളികളെ എണ്ണി ദൈവക്രോധത്തിനു പാത്രമായതിനു ശേഷം ദാവീദ് ബലിയർപ്പിച്ചപ്പോഴും (1 ദിന 21:26)ദൈവം അഗ്നിയിറക്കി അനുഗ്രഹിച്ചു. ദൈവം പ്രാർത്ഥന കേൾക്കുന്നു.

നാലുകാര്യങ്ങൾക്കുവേണ്ടി ഏലിയാ പ്രാർത്ഥിച്ചു. ഇസ്രായേലിന്റെ ദൈവം അവിടുന്നാണന്ന് അറിയിക്കേണമേ (വാ 36), അടിയൻ അവിടത്തെ ദാസനാണന്നു അറിയിക്കേണമേ - ഏലിയാവിനെ മോശക്കാരനായിട്ടാണ് ജനവും രാജാവും ചിത്രീകരിച്ചിരുന്നത് (വാ 36), അവടുത്തെ കൽപ്പനയാലാണ് അടിയൻ ഇതൊക്കെ ചെയ്തതെന്ന് വെളിവാക്കണമേ (വാ 36), നീയാണു യഥാർത്ഥദൈവമെന്നു ജനങ്ങൾ തിരിച്ചറിഞ്ഞ് നിന്നിലേക്ക് അവർ തിരിയേണമേ (വാ 37). ബലിപീഠം കേടുപാടുകൾ മാറ്റി വീണ്ടെടുത്തപോലെ ജനങ്ങളും ദൈവവുമായുള്ള തങ്ങളുടെ ബന്ധത്തിലുണ്ടായ കേടുപാടുകൾ മാറ്റി ബന്ധം വീണ്ടെടുക്കണമെന്ന് ഏലിയാ പ്രത്യാശിച്ചു. പിന്നീടു നടന്നത് വാക്കുകൾക്കതീതമായതായിരുന്നു (1 രാജാ 18:38). ഏലിയാവിനുള്ള മറുപടി തീർച്ചയായും ലഭിച്ചു.

ദൈവം സംസാരിച്ചത് ഉറച്ചശബ്ദത്തിലും, വ്യക്തമായും, വിശ്വസനീയമായ രീതിയിലുമായിരുന്നു. ഇസ്രായേൽ ജനം അതുകണ്ടു, അവർ ഗ്രഹിക്കുകയും ചെയ്തു. അവർ സാഷ്ടാംഗം വീണു, യഹോവ തന്നെ ദൈവം എന്നു വിളിച്ചു പറഞ്ഞു.

**പ്രാർത്ഥനാശയം:** 2013ൽ ദൈവം മറുപടിനൽകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന 5 കാര്യങ്ങൾ എഴുതിവച്ചു പ്രാർത്ഥിക്കുക.

# 25. ഏലിയാവേ, നീ എന്തു ചെയ്യുന്നു?

### 1 രാജാക്കന്മാർ 19:9-18

ദൈവത്തോടു ചേർന്ന് അതിശയകരമായ കാര്യങ്ങൾ ചെയ്ത ഏലിയാവിവിടെ പരാതിക്കാരനായി മാറിയിരിക്കുന്നു. എന്നാൽ ദൈവം ഏലിയാവിനെക്കൊണ്ട് മടുത്തുപോയിരുന്നില്ല, അവന്റെ കഥകഴിഞ്ഞു എന്ന് ദൈവം നിനച്ചതുമില്ല.

പർവ്വതമുകളിൽ കയറിനിൽക്കാൻ ഏലിയാവിനോട് ദൈവം ആവശ്യപ്പെട്ടെങ്കിലും അവൻ ഗുഹക്കുള്ളിൽ തന്നെ ആയിരുന്നു. മലയെപ്പിളർന്ന ശക്തമായകാറ്റിനോ, ഭൂകമ്പത്തിനോ ദൈവത്തെക്കാട്ടികൊടുക്കാൻ പോന്നതായിരുന്നില്ല, അവന്റെ പരാതികൾ തീർക്കാനും. എന്നാൽ അതേതുടർന്നുവന്ന മൃദുസ്വരം താനൊളിച്ചിരുന്ന ഗുഹയിൽനിന്നും വെളിയിൽ വരാൻ അവനു പ്രചോദനമായി. എന്നാൽ യഹോവയുടെ ചോദ്യം ഒന്നുതന്നെയായിരുന്നു; ഏലിയാവേ, നീ ഇവിടെ എന്തുചെയ്യുന്നു?

നാം കിടക്കയിലായിരിക്കുമ്പോൾ നമ്മുടെ മനഃസ്സാക്ഷി നമ്മോടുചോദിക്കുന്നില്ലേ ഈചോദ്യം? ഞാൻ എന്തുചെയ്യുകയായിരുന്നു ഇന്ന്? പ്രതികരണശേഷിനഷ്ടപ്പെട്ട ഒരുമനുഷ്യനെപ്പോലെ നാം ആചോദ്യത്തെ മാറ്റിനിർത്താൻ ശ്രമിക്കുകയാണോ ചെയ്യുന്നത്? ദൈവത്തിനുമുമ്പിൽ നമ്മുടെ ഒഴികഴിവുകൾ വിലപ്പോകുമോ?

താൻ ക്ഷീണിതനാണന്നു പരാതിപ്പെട്ട ഏലീയാവിന് കൂട്ടായി ഏലീശായെ ദൈവം നൽകി. ഇസ്രായേൽ ദൈവത്തെ തള്ളി, ഇനി പ്രസംഗിച്ചിട്ടു കാര്യമില്ല എന്ന പരാതിക്കു ദൈവം ബാൽസേവകരല്ലാത്ത 7000 പേരെ ചൂണ്ടിക്കാട്ടി. തന്നെക്കൊല്ലാൻ രാജാവു ഒരുമ്പെട്ടിരിക്കുന്നു എന്ന പരാതിക്ക് തന്റെ ഭരണകാലത്ത് ബാൽസേവകരെയെല്ലാം തുടച്ചുനീക്കിയ യെഹുവിനെ രാജാവായി വാഴിക്കാൻ യഹോവ കൽപ്പിച്ചു. തനിക്കു ജീവഹാനിയുണ്ടാകുമെന്നു ഭയന്ന ഏലീയാവ് മരണം കാണാതെ ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്ന മനോഹരകാഴ്ച പിന്നീട് നാം കാണുന്നു. ദൈവത്തിന് ഏലിയാവെക്കൊണ്ടുള്ള പ്രയോജനം തീർച്ചയായും കഴിഞ്ഞിട്ടില്ലായിരുന്നു. നിങ്ങൾക്കു തോന്നുന്നുണ്ടോ, ദൈവത്തിന് നിങ്ങളെക്കൊണ്ടുള്ള ഉപയോഗം കഴിഞ്ഞുവെന്ന്?

എല്ലാം അവസാനിച്ചു എന്നുകരുതിയിരിക്കുന്ന അവസ്ഥയിൽ നിന്നും, എല്ലാം തുടങ്ങി എന്നു പറയുന്നഅവസ്ഥയിലേക്കു നമ്മുടെ വിശ്വാസത്തെ കൈപിടിച്ചുയർത്തുന്ന മഹാത്ഭുതം നമ്മുടെ ജീവിതത്തിൽ ഉണ്ടാവാനായി നമുക്ക് അവിടുത്തെ സന്നിധിയിലേക്കുപോകാം.

**പ്രാർത്ഥനാശയം:** ദൈവത്തിനുവേണ്ടിയും അവന്റെ രാജ്യത്തിനുവേണ്ടിയും നിങ്ങൾക്കുള്ള സ്വപ്നങ്ങൾ എന്തൊക്കെയാണ്? അവ നഷ്ടപ്പെട്ടെങ്കിൽ അവയെ ഊതിക്കത്തിക്കുക. സ്വപ്നങ്ങളൊന്നുമില്ലെങ്കിൽ മാനസാന്തരപ്പെട്ട് അവനേടുക.

# 26. ഉത്തമമായ ബന്ധം

### 2 രാജാക്കന്മാർ 2:1–12

ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുവാൻപോകുന്ന സമയമാണ് ഇവിടെ നാം കാണുന്നത്. അവൻ ഏലീശായോട് നീ ഇവിടെ താമസിക്കുക, യഹോവ എന്നെ ബഥേലിലേക്ക് അയച്ചിരിക്കുന്നു എന്നു പറഞ്ഞു. യഹോവയാണേ, അങ്ങയുടെ ജീവനാണേ ഞാൻ അങ്ങയെ വിടുകയില്ല എന്ന് ഏലീശ പറഞ്ഞു. ഏലീശ ഏലിയാവിനെ വിട്ടുമാറാതെ പിൻതുടരുന്നത് നമുക്കിവിടെകാണാം.

ബെഥേലിലേയും, യെരിഹോവിലെയും പ്രവാചകർ വന്ന്, ഇന്ന് അങ്ങയുടെ യജമാനനെ അങ്ങയുടെ അടുക്കൽനിന്നും ദൈവം എടുക്കുവാൻ പോകുന്നു എന്നു പറഞ്ഞപ്പോൾ അവരോടുമിണ്ടാതിരിക്കാനാണ് ഏലിയാ കൽപ്പിച്ചത്, തനിക്കതറിയാമെന്ന് അവൻ പറഞ്ഞു.

പ്രിയമുള്ളവരെ, ശിഷ്യത്വത്തിന്റെ മഹത്തായ ഒരു മാതൃക നമുക്കിവിടെ കാണാൻ കഴിയും. തന്റെ ഗുരുവായ ഏലിയാവ് എവിടെയായിരിക്കുന്നുവോ, അവിടെ താനുമായിരിക്കും എന്ന ബോധ്യം ഉറച്ചരീതിയിൽ ഏലീശായ്ക്കുണ്ടായിരുന്നു. തന്റെ ഗുരുവിന്റെ ജീവിതത്തിലെ പരമപ്രധാനമായ ദിവസത്തിൽ താൻ അദ്ദേഹത്തിനൊപ്പം ഉണ്ടാവുമെന്ന് ഏലീശാ തീരുമാനിച്ചു. മാത്രമല്ല, ഏലിയാവിനെക്കുറിച്ചു സംസാരിക്കാൻവന്ന പ്രവാചകഗണങ്ങളോട് നിശ്ശബ്ദരായിരിക്കാൻ അവൻ ആവശ്യപ്പെടുകയും ചെയ്തു.

എന്തിനെക്കുറിച്ചും ഏവരും അഭിപ്രായം പറയുന്ന ഈകാലഘട്ടത്തിൽ നമ്മുടെ രക്ഷകനെക്കുറിച്ചും, സഹോദരങ്ങളെക്കുറിച്ചും, നായകരെക്കുറിച്ചും, അവരും സഭയും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും നിരുത്തരവാദമായരീതിയിൽ അഭിപ്രായം പ്രകടിപ്പിക്കുന്നതു കേൾക്കുമ്പോൾ നാമെങ്ങിനെയാണ് പ്രതികരിക്കുന്നത്? മറ്റുള്ളവർ കടന്നുപോകുന്ന ജീവിതസാഹചര്യങ്ങളെ വിശ്വാസത്തോടെ സമീപിക്കാൻ നമുക്കാവുന്നുണ്ടോ? ആ പ്രവാചകഗണങ്ങ ളോടു മിണ്ടാതിരിക്കാൻ നാം കർക്കശമായി ആവശ്യപ്പെടുമോ അതോ നാം അവരോടുകൂടി കൂടി നമ്മുടെ സംഭാവനയായി കുറച്ചു എരിവും പുളിയും കൂട്ടിച്ചേർക്കുമോ!

ഏലിയാവും ഏലീശായും തമ്മിലുണ്ടായിരുന്നതുപോലുള്ള ആത്മീയബന്ധങ്ങൾ നമ്മെ വഴിനടത്തുന്നവരുമായി നമുക്കും ഉണ്ടാക്കിയെടുക്കാം. ശിഷ്യത്വജീവിതം ഒരു അനുഗ്രഹമാക്കിമാറ്റാം. യേശുവിന്റെ രണ്ടാം വരവിൽ അവൻ നമ്മെ അവന്റെകൂടെ എടുക്കപ്പെടുവാനായി ഒരുക്കപ്പെട്ടവരും തികഞ്ഞവരുമാകാം.

**പ്രാർത്ഥനാശയം**: അശ്രദ്ധമായ സംസാരത്തിലൂടെ ആരുടെയെങ്കിലും വിശ്വാസത്തെ നിങ്ങൾ മുറിപ്പെടുത്തിയിട്ടുണ്ടോ? ആ വ്യക്തിയുമായി പ്രാർത്ഥിച്ച്, ബന്ധം നേരേയാക്കുക.

# 27. നശിക്കാത്ത പങ്ക്

### 2 രാജാക്കന്മാർ 2:7–8, 13–14

ഏലിയാവിന്റെ പിൻഗാമിയായി ദൈവം രക്ഷയാകുന്നു എന്ന പേരുള്ള ഏലിശാ പ്രവാചകൻ നിയമിതനാകുന്നു. ഹോരേബ് പർവ്വതത്തിൽ വച്ച് ദൈവം ഏലിയാവിനോട് ആജ്ഞാപിച്ചതനുസരിച്ച്, ഏലിയാവ് ഏലിശയുടെ അടുത്തെത്തി, ഏലിശയെ കൃഷി സ്ഥലത്തുവച്ച് കണ്ടുമുട്ടി. അദ്ദേഹം വേറെ പതിനൊന്ന് ജോലിക്കാരോടുകൂടി കാളയെകൊണ്ട് നിലം ഉഴുകുകയും, പന്ത്രാണ്ടാമത്തെ ഏർകാളയെ സ്വയമായി ഉഴുകുകയുമായിരുന്നു. ഉടനെ ഏലിയാവ് തന്റെ പുതുപ്പ് അധികാരകൈമാറ്റത്തിന്റെ അടയാളമായി ഏലിശയുടെ മേൽ ഇട്ടു. ഏലിശ ഉടനെ തന്നെ വീട്ടിൽ ചെന്ന് തന്റെ സഹപ്രവർത്തകർക്കും ഇതര ജനങ്ങൾക്കും ഉഴുതുകൊണ്ടിരുന്ന കലപ്പക്കൈകൊണ്ട് വിറക്

ഉണ്ടാക്കി തന്റെ കാളയെ പാകം ചെയ്തു അവർക്ക് കൊടുത്തു യാത്രപറഞ്ഞു, ഏലിയാവിന്റെ ശിഷ്യനായി ശുശ്രൂഷ ചെയ്യുന്നത് ഏറ്റെടുത്തു.

യഹോവ ഏലിയാവിനെ എടുക്കാവാനുള്ള സമയമായെന്ന് ഏലിയാവ് പറയുമ്പോൾ മൂന്നു പ്രാവശ്യവും "ഞാൻ നിന്നെ വിടുകയില്ല" എന്ന് ഏലിശാ ഉത്തരം പറഞ്ഞു. ഏലീശ ഏലിയാവിനോട് അവന്റെ ആത്മാവിന്റെ ഇരട്ടി പങ്കാണ് ആവശ്യപ്പെട്ടത്. ഏലിയാവിനെപ്പോലെയുള്ള ഒരു വലിയ പ്രവാചകൻ രംഗത്തുനിന്ന് മാറുമ്പോൾ അവന്റെ സ്ഥാനം ഏറ്റെടുക്കുവാൻ ആരാണ് ധൈര്യപ്പെടുക? ഏലിയാവ് സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടതുകണ്ടപ്പോൾ അദ്ദേഹം ഏലിയാവിന്റെ ആത്മാവിന്റെ ഇരട്ടിപങ്കു പ്രാപിച്ചുകൊണ്ടിരുന്നു. യോർദ്ദാനിൽ നിന്ന് അവൻ മടങ്ങിപ്പോയത് ഏലിയാവിന്റെ പിൻഗാമി ആയിട്ടാണ്.

ഏലിശയെ തെരഞ്ഞെടുത്തത് ദൈവം ആണെങ്കിലും ഏലിശയുടെ തീക്ഷ്ണതയും ദൈവത്തിനു വേണ്ടിപ്രവർത്തിക്കുവാനുള്ള അദ്ദേഹത്തിന്റെ ഉൽഘടമായ അഭിവാഞ്ചയും നിശ്ചയദാർഢ്യവുമാണ് ഏലിയാവിനുള്ളതിന്റെ ഇരട്ടി പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ ഏലീശയ്ക്ക് ഇടയായത്.

ഇന്ന് സഭയിൽ നമ്മുടെ പങ്ക് എന്താണ്? ദൈവത്തിന്റെ അടുത്ത് നാം എന്തു പങ്കാണ് ചോദിക്കുന്നത്?

ഏലിയാവിന്റെ അടുത്തു നിന്ന് ധാരാളം ഭൗതീകാവശ്യങ്ങൾ ഏലിശയ്ക്കു ചോദിക്കാമായിരുന്നു. ഏലിശ നീതിയായ കാര്യം തിരെഞ്ഞെടുത്തു. ഈ ലോകത്തിലെ പങ്ക് നശിച്ചുപോകുന്നതാണ്. എന്നാൽ ദൈവം നമ്മുക്ക് ഒരുക്കിവച്ചിരിക്കുന്നത് നശിക്കാത്ത പങ്കാണ്.

**പ്രാർത്ഥനാശയം:** നമ്മൾ വിശ്വാസത്തിലേക്കു കൂട്ടിക്കൊണ്ടുവരാൻ വേണ്ടി ശ്രമിക്കുന്ന പരിചയക്കാർക്കുവേണ്ടി എന്തെങ്കിലും ചെയ്യുക. (സന്ദർശിക്കുകയോ, ഭക്ഷണത്തിനായി ക്ഷണിക്കുകയോ, അങ്ങിനെ)

# 28. വിധവയുടെ എണ്ണ

2 രാജാക്കന്മാർ 1:7 –8

അനുദിനജീവിതത്തിലെ പലവിധമായ ഉയർച്ചകളും താഴ്ചകളും നമ്മിലൂടെ കടന്നുപോകുമ്പോൾ ഈവചനവുമായി ഒത്തുനോക്കി നമ്മുടെ ജീവിതത്തെ നമുക്ക് വിലയിരുത്താം. അനുചരന്മാർ അടയാളം പറഞ്ഞപ്പോൾത്തന്നെ രാജാവിന് ഏലിയാവിനെ മനസ്സിലായി. മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തൊക്കെ അടയാളങ്ങളാണ് ഇന്നുപറയുന്നത്?

## 2 രാജാക്കന്മാർ 4:1–7

ഈവിധവ താൻ കടന്നുപോകുന്ന അവസ്ഥകളെക്കുറിച്ച് ദൈവപുരുഷനോടു സംസാരിക്കുകയും അദ്ദേഹം നൽകിയ നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്തു. അത് അവളുടെയും മക്കളുടെയും ജീവിതത്തിൽ വിജയം കൊണ്ടുവന്നു. നമ്മുടെ ജീവിതത്തെക്കുറിച്ചുതുറന്നു പറയുവാനുള്ള ബോദ്ധ്യം ഇന്നു നമുക്കുണ്ടോ? നമ്മുടെ ജീവിതം ഏതവസ്ഥയിലൂടെ കടന്നുപോകുന്നു എന്ന് നീതിപൂർവ്വമായി പറയുകയും നൽകപ്പെടുന്ന നിർദ്ദേശങ്ങൾ ആത്മാർത്ഥതയോടെ നിറവേറ്റുന്നവരുമാകാം നമുക്കിന്ന്. വിനയവും അനുസരണശീലവുമുള്ള ഒരു ഹൃദയം അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ പോന്ന ഒന്നാണ്. നമ്മുടെജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്ന അത്ഭുതങ്ങളിലൂടെ നമുക്ക് ദൈവത്തിനു മഹത്വം കരേറ്റാം. അനുസരണയിലൂടെ വലിയജീവിത വിജയവും ദൈവാനുഗ്രഹപൂർണ്ണതയും നമുക്കുണ്ടാവട്ടെ.

**പ്രാർത്ഥനാശയം:** നമ്മെ വഴിനടത്തുന്നവരുമായി പ്രാർത്ഥിക്കുക. ജീവിതത്തെക്കുറിച്ചു തുറന്നു സംസാരിക്കുക.

# 29. സമൃദ്ധമായി ജീവിതം

## 2 രാജാക്കന്മാർ 4:8–17

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പ്രവാചകർ ദൈവഹിതം സംസാരിക്കുന്നവരും, ദൈവത്തിന്റെ പ്രതിപുരുഷനെന്ന നിലപാടെടുക്കുവരും, വിശ്വാസത്താൽ ദൈവം അരുളിച്ചെയ്ത കാര്യങ്ങൾ നടത്തിയെടുക്കുന്നവരും ആണന്ന് ഏലീശായിലൂടെ നമുക്കു കാണാൻ കഴിയും. ധനികയായ ഈ ശൂനേംകാരി ഏലിശാ ഒരു ദൈവപുരുഷനാണന്നുമനസ്സിലാക്കി. ഒരുനേരത്തെ ഭക്ഷണത്തിനായി അവർ ക്ഷണിച്ച ദൈവപുരുഷൻ പിന്നീടെല്ലാം ആവഴിപോകുമ്പോൾ അവരുടെ അടുത്തു നിന്നും ഭക്ഷണം കഴിക്കുമായിരുന്നു. വിശുദ്ധനായ ഒരു ദൈവപുരുഷനാണ് ഏലീശ എന്നുമനസ്സിലാക്കിയ അവർ ഭർത്താവിനോടു സംസാരിച്ചിട്ട് അദ്ധേഹത്തിനു താമസിക്കാനൊരിടം അവരുടെ വീടിനുമുകളിൽ ഒരുക്കുക കൂടിചെയ്യുന്നു.

ഒരുദിവസം ഒരു പ്രത്യുപകാരമെന്നവണ്ണം ഏലീശ അവരുടെ ആവശ്യങ്ങളെക്കുറിച്ചു ആരാഞ്ഞിട്ട്, മക്കളില്ലാതിരുന്ന അവർക്ക് ഒരു കുഞ്ഞുണ്ടാകുമെന്നു വാഗ്ദാനം ചെയ്യുന്നു. ഏലീശായുടെ അനുഗ്രഹപ്രകാരം അവർക്കൊരു കുഞ്ഞുപിറന്നു, അവരുടെ ഭർത്താവ് വൃദ്ധനായിരുന്നിട്ടുകൂടി. അവരുടെജീവിതത്തിൽ ദൈവത്തേക്കുറിച്ച് അറിയുവാനും ദൈവാനുഗ്രഹങ്ങൾ ലഭിക്കുവാനും ഏലീശായോടൊത്തുള്ള സമ്പർക്കത്താൽ അവർക്കു സാദ്ധ്യമായിത്തീർന്നു.

ഏലീശായുടേതുപോലുള്ള ഒരു ജീവിതം നയിക്കുവാനല്ലേ ദൈവം നമ്മെയും വിളിച്ചിരിക്കുന്നത്, സഹോദരരേ? നമ്മോടുള്ള സമ്പർക്കത്തിലൂടെ ആളുകൾ ദൈവത്തിലേക്കാകർഷിക്കപ്പെടാനും, ദൈവവചനം അറിയപ്പെടാനും, ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾ ലഭിക്കപ്പെടാനും, ആത്മാക്കൾക്കു രക്ഷ കൈവരിക്കപ്പെടാനുമായി ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനും, ഹൃദയം തകർന്നവർക്കു മുറിവുകെട്ടുവാനും, തടവുകാർക്കു സ്വാതന്ത്ര്യവും ബന്ധിതരായവർക്കു വിടുതലും നൽകാനുമായി വിളിച്ചു വേർതിരിക്കപ്പെട്ടവരാണുനാം. നമുക്കതുവിശ്വസിക്കുകയും അതിൻപ്രകാരം പ്രവർത്തിക്കുകയും ചെയ്യാം. പ്രത്യാശയുള്ളിടത്തു മാർഗ്ഗവുമുണ്ട്.

**പ്രാർത്ഥനാശയം:** ബൈബിൾ പഠിപ്പിക്കാൻ കഴിയുന നമ്മുടെ പരിചയക്കാരുടെ/കൂട്ടുകാരുടെ ഒരു പട്ടിക തയ്യാറാക്കുക. പ്രാർത്ഥനയോടെ അവരിലോരോരുത്തരിലേക്ക് ഇറങ്ങിച്ചെല്ലുക.

# 30. ജീവൻ നല്കുന്ന വിശ്വാസം

## 2 രാജാക്കന്മാർ 4:18–35

ഈവേദഭാഗത്ത് ആറുവ്യക്തികളെയാണ് നാം കാണുന്നത്. 1. കുട്ടി, 2. ശൂനേം കാരിയുടെ ഭർത്താവ്, 3. ശൂനേം കാരി സ്ത്രീ, 4. ഏലീശ, 5. ഗെഹാസി, 6. ദൈവം.

ശുനേം കാരിയുടെ ഭർത്താവ്: വേദനയാൽ പിടയുന്നകുട്ടിയെ ഭൃത്യൻമാരുടെകൂടെ അമ്മയുടെ അടുത്തേക്കുപറഞ്ഞുവിട്ടു. കുഞ്ഞിന്റെ ഉത്തരവാദത്തം അമ്മയുടേതായി കരുതി, തന്റെ കൃഷിയിലും ലാഭത്തിലും ശ്രദ്ധയൂന്നി. പ്രാർത്ഥനയും, യാഗങ്ങളും, ദൈവീകകാര്യങ്ങളുമെല്ലാം ഭാര്യയുടെവിഷയങ്ങളാണന്നു കരുതുന്ന ഒരു ഭർത്താവ്.

ശൂനേംകാരി സ്ത്രീ: വേദനയാൽപിടയുന്ന ഒരുഹൃദയവുമായി, കുഞ്ഞിന്റെ ഉത്തരവാദത്തം ഏറ്റെടുത്ത് കർമ്മനിരതയാകുന്നു. അവൾ ദൈവപുരുഷനെ തേടിപ്പോവുകയും തന്റെവേദനകൾ അദ്ദേഹത്തോടു തുറന്നു സംസാരിക്കുന്നു.

ഗേഹസി: ഗുരുപറയുന്നത് അതേപോലെ അനുസരിക്കുന്ന ഒരു ശിഷ്യൻ. അരമുറുക്കി യാത്രയ്ക്കു തയ്യാറായി, ആരെയും അഭിവാദ്യമോ പ്രത്യഭിവാദ്യമോ ചെയ്യാതെ, ഗുരുവിന്റെ വടിയും കയ്യിലേന്തിക്കൊണ്ട്. ഗുരുപറഞ്ഞതുപോലെതന്നെ ആവടി ബാലന്റെ മുഖത്തുവച്ചു എങ്കിലും ഒന്നും നടന്നുകണ്ടില്ല. പറഞ്ഞതനുസരിച്ചു എന്നുള്ളതല്ലാതെ, ഹൃദയത്തിൽ വിശ്വാസമോ വേദനയോ അനുകമ്പയോ സ്നേഹമോ ഇല്ലാതിരുന്നതിനാൽ ഒരു അത്ഭുതവും സംഭവിച്ചില്ല.

ഏലീശ: ആഭവനത്തിൽ കടന്നുവാതിൽ അടച്ചു - കുട്ടിയും താനും മാത്രമായി - കുട്ടിയെ പരിചരിക്കുന്നു. സ്നേഹവും കരുണയുമുള്ള ഹൃദയത്തോടെ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ദൈവം അത്ഭുതം പ്രവർത്തിച്ച് കുട്ടിയുടെ ജീവൻ തിരികെ നൽകി.

വിശ്വാസവും സ്നേഹവും അനുകമ്പയും തീക്ഷ്ണതയും ആത്മാർത്ഥതയുമുള്ളിടത്താണ് ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത്.

ഈലോകത്ത്, ഒരുപാട് അമ്മമാരുടെ മക്കൾ ആത്മീയമായി മരിച്ചുകിടക്കുന്നു. ദൈവമാകട്ടെ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ തയ്യാറായുമിരിക്കുന്നു. ആത്മീയമായി മരിച്ചവരെ ദൈവം ഉയർപ്പിക്കാൻ ഏലിയാ പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം. അത്ഭുതങ്ങൾ നടക്കുമെന്ന് ഉറച്ചുവിശ്വസിക്കാം.

**പ്രർത്ഥനാശയം:** വലിയ അത്ഭുതങ്ങൾ സഭയിൽ നടക്കുവാൻ വേണ്ടി പ്രാർത്ഥിക്കുക.

# 31. നല്കുന്ന വിശ്വാസം

### 2 രാജാക്കന്മാർ 4:42-44

ശക്തനായ ഏലിയാവിന്റെ പ്രവാചകശുശ്രൂഷയുടെ പിൻഗാമിയായിവന്ന ഏലീശാവും ഏറെ ശക്തനായിരുന്നു. ഏലിയാവിന്റെ ഇരട്ടി ആത്മാവോടുകൂടി പ്രവർത്തിപ്പാൻ വരംലഭിച്ച പ്രവാചകശ്രേഷ്ടനാണ് ഏലീശ (പാരമ്പര്യമായി പറഞ്ഞാൽ മൂത്തപുത്രസ്ഥാനം). മരുഭൂമിയിൽ പാർക്കുകയും യഹോവയുടെ ജനത്തിനുഭീഷണികൾ ഉണ്ടാകുമ്പോൾ ജനമദ്ധ്യേ ഇറങ്ങിവരികയും ദൗത്യപൂർത്തീകരണത്തിനുശേഷം മരുഭൂമിയിലേക്കു മടങ്ങിപ്പോവുകയും ചെയ്യുന്ന ഒരുപ്രവാചകനെ നാം ഏലിയാവിൽ കാണുന്നു. ദിവസവും ജനമദ്ധ്യേ പാർക്കുകയും അവരുടെ ദൈനംദിന പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുന്ന ദൈവപുരുഷനെ ഏലീശായിൽ നമുക്കുകാണാം. യേശുക്രിസ്തുവുമായി വളരെസാമ്യമുള്ള പ്രവർത്തികളും പ്രവാചകനിൽ നമുക്കുകാണാം (മർ 6:34 -44).

ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതു മനുഷ്യന്റെ പങ്കാളിത്തത്തോടുകൂടിയാണ്.

യേശുവിന്റെ കാലത്ത്, ബാലന്റെ കയ്യിലെ അഞ്ചപ്പവും രണ്ടുമീനും കർത്താവിന്റെ കരങ്ങളാൽ വാഴ്ത്തിനുറുക്കപ്പെടുന്നു. അയ്യായിരം പുരുഷൻമാരുൾപ്പെടെയുള്ള ജനം ഭക്ഷിച്ചു തൃപ്തരായതിനു ശേഷം പന്ത്രണ്ടുകുട്ട നിറയെ ശേഷിച്ചവശേഖരിക്കുന്നു. ഇവിടെ ഒരാളുടെ കയ്യിലെ 20 യവ അപ്പവും ഏതാനും മലരും നൂറുപേർക്ക് വിളമ്പിക്കൊടുക്കാൻ ഏലീശാ പറഞ്ഞപ്പോൾ യഹോവയുടെ അരുളപ്പാടുപ്രകാരം അവർ വിളമ്പി. അവർ എല്ലാവരും തിന്നുകയും ഭക്ഷണം ശേഷിക്കയും ചെയ്തു.

നമുക്കുള്ളതിനെ കുറച്ചുകാണുന്നത് ബലഹീനമായ വിശ്വാസമാണ്. നമുക്കുള്ളതു ദൈവത്തിനേൽപ്പിക്കുന്നതാവട്ടെ വിശ്വാസത്താലുള്ള ധീരപ്രവർത്തിയുമാണ്.

നമ്മുടെ ബലഹീനമായ വിശ്വാസത്തെ ശക്തമായ ഒന്നാക്കിമാറ്റി വർദ്ധിപ്പിച്ചുതരാനായി നമക്കു പ്രാർത്ഥിക്കാം.

**പ്രാർത്ഥനാശയം:** മുകളിലത്തെ വെല്ലുവിളി ഏറ്റെടുക്കുക.

# 32. അഹങ്കാരമാകുന്ന കുഷ്ഠം

**2 രാജാക്കന്മാർ 5:1–14**

ഏലീശായുടെ പടി ചവിട്ടുമ്പോൾ നയ്മാന്റെ ഹൃദയത്തിൽ ഒരു കാര്യമുണ്ടായിരുന്നു - തന്റെ ആഗ്രഹത്തിനും നിലയ്ക്കും വിലയ്ക്കുമൊക്കെ ഒത്തരീതിയിൽ പ്രവാചകൻ പെരുമാറണം. ഏലീശ യഹോവയെവിളിച്ചു പ്രാർത്ഥിച്ചു, തന്റെ കുഷ്ഠത്തിനുമീതെ കൈവീശി, ഒരു വെള്ളിടിയോടെ ആരോഗം സൗഖ്യമാക്കുമെന്ന് നയ്മാൻ കരുതി. എന്നാൽ കേട്ടതിൽ നിന്നും, വിചാരിച്ചതിൽ നിന്നുമൊക്കെ ഏറെ വ്യത്യസ്തമായിരുന്നു കണ്ടത്. ദൈവത്തെ വിളിയും പ്രാർത്ഥനയും, കൈവീശലുമൊന്നുമുണ്ടായില്ല. നീപോയി യോർദ്ദാനിൽ ഏഴുപ്രാവശ്യം മുങ്ങുക എന്ന കൽപ്പനയാണുണ്ടായത്.

ഇതുകേട്ടപ്പോൾ നയ്മാൻ കോപിഷ്ടനായി. താൻ പ്രതീക്ഷിക്കാത്ത രീതിൽ കാര്യങ്ങൾ മാറിയപ്പോൾ, അതുവരെ എളിമെയെല്ലാം അഭിനയിച്ച് പടിവാതിലിൽ നിന്ന സേനാനായകന്റെ ഭാവം മാറി. അവന്റെ ആത്മാവിനെ നരകത്തിൽ തള്ളാൻ കെല്പ്പുള്ള കുഷ്ഠമായ അഹങ്കാരം പൊങ്ങി വന്നു. എന്റെ നാട്ടിൽ ഇതിലും നല്ല നദികളില്ലേ, പിന്നെന്തിനിവിടെ. നദിക്കുള്ള കൽപ്പനയല്ല, ആത്മാവിനുള്ള കൽപ്പനയാണിതെന്ന് അവനു ഗ്രഹിക്കാനായില്ല.

നമ്മളും ചിലപ്പോളിങ്ങനെയാണ്. ഞാൻ പ്രതീക്ഷിക്കുന്ന രീതിയിൽ എനിക്കുപദേശം കിട്ടണമെന്നു നാം വിചാരിക്കും. അതു കിട്ടാതെ വരുമ്പോൾ നമ്മുടെ എളിമയെല്ലാം അഭിനയമായതായി മാറും. പിന്നെ നമ്മെ സഹായിക്കാൻ വന്നവർക്കാകും കുറ്റവും കുറവും. അഹങ്കാരമെന്ന കുഷ്ഠം വെളിയിൽ ചാടും.

നയ്നമാൻ വിചാരിച്ചത് പ്രാർത്ഥന എളുപ്പമുള്ള കാര്യമാണല്ലോ എന്നായിരുന്നു. എന്നാൽ അനുസരണയെന്ന പ്രാർത്ഥന അവനെ പഠിപ്പിക്കാനാണ് ദൈവം ഒരുങ്ങിയത്. പിന്നീടു ദൂതന്റെ വാക്കു കേട്ട് പ്രവാചകനെ അനുസരിക്കാൻ നയ്മാൻ തയ്യാറായപ്പോൾ ദൈവം അവന്റെ കുഷ്ഠം മാറ്റിക്കൊടുത്തു. നമുക്കും അഹങ്കാരമെന്ന കുഷ്ഠം നീക്കി അനുഗ്രഹങ്ങൾ പ്രാപിക്കാം.

**പ്രാർത്ഥനാശയം:** അഹങ്കാരം വേരൂന്നിയിരിക്കുന്ന മേഘലകൾ ഏവയെന്നു കണ്ടു പിടിച്ചു മാനസാന്തരപ്പെടുക.

# 33. സദ്യകഴിച്ചു ജയിച്ച യുദ്ധം

**2 രാജാക്കന്മാർ 6:8–23**

വാ 8–10: ആരാമ്യൻ രാജാവ് ഇസ്രായേലുമായി യുദ്ധത്തിനൊരുങ്ങി, വിപുലമായ പദ്ധതികളോടെ. എന്നാൽ ഏലിയാവ് ആ പദ്ധതികളെല്ലാം ഇസ്രായേൽ രാജാവിനു വെളിപ്പെടുത്തി കൊടുത്തതിനാൽ ശത്രുവിന്റെ പദ്ധതികൾ ഒന്നും വിജയം കണ്ടില്ല. ഏതു അവസ്ഥയിൽനിന്നും, സാത്താന്റെ കൊടിയ തന്ത്രങ്ങളിൽ നിന്നും ദൈവത്തിനു നമ്മെ രക്ഷിക്കാൻ കഴിയും. ദൈവീകരായ ആളുകളോടാണു നമുക്കു സഹവാസമെങ്കിൽ ദൈവീകമായ ഉപദേശങ്ങൾ നമുക്കു ലഭിക്കും.

വാ 11–13: തന്റെ പദ്ധതികൾ പാളിയതിനാൽ അരാമിയ രാജാവ് ക്രുദ്ധനാകുന്നു. ഏലിയാവാണ് കാരണക്കാരൻ എന്നുമനസ്സിലാക്കിയ രാജാവ്, ഏലിയായെ പിടിച്ചുകൊണ്ടുവരാൻ വലിയസൈന്യത്തെ അയക്കുന്നു.

വാ 14–17: ഏലിയാവിന്റെ സേവകൻ ആർത്തലച്ചുവരുന്ന സൈന്യത്തെക്കണ്ട് ഭയചകിതനായി എങ്കിലും ഏലിയാവ് അവനിൽ വിശ്വാസം നിറയ്ക്കുന്നു. അവന്റെ കണ്ണുകൾ തുറക്കപ്പെടാനായി

ഏലിയാവു പ്രാർത്ഥിച്ചപ്പോൾ ഏലിയായുടെ ചുറ്റുമുള്ളകുന്നിൽ നിറഞ്ഞുനിന്ന അശ്വങ്ങളെയും അഗ്നിരഥങ്ങളെയും ദാസനു കാണ്മാനാകുന്നു.

ചില അവസ്ഥകൾ നമ്മുടെ ജീവിത്തിലേക്കു കടന്നുവരുമ്പോൾ നാമും ഈ ദാസനെപ്പോലെ ഭയത്തോടെ പെരുമാറാറുണ്ട്. അതേദൈവത്തിന്റെ ശക്തമായ സൈന്യവ്യൂഹം നമ്മുടെ രക്ഷയ്ക്കായുണ്ടെന്ന യാഥാർത്ഥ്യം നാം കാണാതെ പോകുന്നു. നമ്മുടെ അകക്കണ്ണുകൾ തുറക്കപ്പെടാനായി നാം അപ്പോൾ പ്രാർത്ഥിക്കേണ്ടതുണ്ട്. ദൈവം നമ്മുടെ രക്ഷയ്ക്കായെത്തും - ഇതൊരു വാഗ്ദാനമാണ്.

വാ 18-19: അന്ധതയാൽ അവരെ മൂടണമെന്ന് ഏലിയാവു പ്രാർത്ഥിച്ചതിനനുസരിച്ച് ദൈവം പ്രവർത്തിച്ചു.

വാ 20-23: ആരാമ്യസേന കുടുക്കിലായി. ഇസ്രായേൽ രാജാവ് അവരെ നശിപ്പിക്കാൻ ഒരുങ്ങിയെങ്കിലും പതിവിനുവിപരീതമായി ഏലിയാ അതുവിലക്കിയിട്ട് അവർക്കൊരു സദ്യ ഒരുക്കാൻ ആവശ്യപ്പെട്ടു. ഇസ്രായേൽരാജാവ് അതനുസരിച്ചു, അവരെ അവരുടെ യജമാനനു വിട്ടുകൊടുത്തു. അരാമിയ രാജാവു പിന്നീട് തന്റെ യുദ്ധവെറി അവസാനിപ്പിച്ചു എന്നു നാം കാണുന്നു. ദൈവീകമായ നിർദ്ദേശങ്ങൾ നാം അനുസരിക്കുമ്പോൾ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. ദുഷ്ടരായ ആളുകളുടെ ഹൃദയം പോലും ദൈവം മാറ്റിമറിക്കുന്നു. ആരാമ്യർ ദുഷ്ടലാക്കുമായി വന്നു, എന്നാൽ ഇസ്രായേലാവട്ടെ നന്മയുടെ പാത തിരഞ്ഞെടുത്തു. തിന്മ നമ്മളെ ജയിക്കാനല്ല, തിന്മയെ നമ്മൾ നന്മകൊണ്ടു ജയിക്കുകയത്രേ വേണ്ടത് (റോമക്കാർ 12:21).

**പ്രാർത്ഥനാശയം:** റോമക്കാരുടെ 12 അദ്ധ്യായത്തിലൂടെ പ്രാർത്ഥിക്കുക.

# 34. പ്രാർത്ഥന കേൾക്കുന്ന ദൈവം

## 2 രാജാക്കന്മാർ 20:1-11

ദൈവം അത്ഭുതകരമായ രീതിയിൽ അശ്ശൂർ രാജാവിനെതിരെ ഹിസ്ക്കിയാവിന് വിജയം നല്കിയെങ്കലും ഹിസ്ക്കിയാവ് രോഗബാധിതനായി. താൻ മരിക്കാൻ പോവുകയാണെന്ന മുന്നറിയിപ്പ് യേശയ്യാവിലൂടെ ദൈവം അദ്ദേഹത്തിന്ന് നൽകി. എന്നാൽ ആ വാർത്ത കേട്ടയുടൻ ഹിസ്ക്കിയാവ് ദൈവസന്നിധിയിൽ കണ്ണുനീരോടെ വീണു പ്രാർത്ഥിച്ചു. അപ്രതീക്ഷിത ആഘാതവുമായി അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് കടന്നുവന്ന ആ വാർത്തയിൽ അദ്ദേഹം മനുഷ്യരിൽ ആശ്രയിച്ചില്ല. ദൈവത്തിലേക്ക് മാത്രമായി അദ്ദേഹം ചുവരിലേക്ക് മുഖം തിരിച്ച് യഹോവയോട് പ്രാർത്ഥിച്ചു. ദൈവം ഹിസ്ക്കിയാവിന്റെ പ്രാർത്ഥന കേട്ടു, അവന്റെ ആയുസ്സ് പതിനഞ്ചുവർഷം കൂടി നീട്ടിക്കൊടുത്തു.

ദൈവം ആദ്യമായിട്ടല്ല കണ്ണുനീരോടുകൂടിയ പ്രാർത്ഥനക്ക് ഉത്തരം നല്കുന്നത്. ഇതിനു മുമ്പും പിമ്പും അനേകം ഉദാഹരണങ്ങൾ നമുക്ക് ബൈബിളിൽ കാണാം. (പുറ 2:24, 1 ശമുവേൽ 1:1-20, യോഹന്നാൻ 11:32-44). യേശു കണ്ണുനീരോടും നിലവിളിയോടും കൂടി പ്രാർത്ഥിച്ചു എന്ന് എബ്രായർ 5:7ൽ പറയുന്നു. ഇന്ന് ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥന എങ്ങനെയാണ്? ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥന ദൈവം തള്ളിക്കളയുകയില്ല (സങ്കീ 51:17).

സങ്കീ 34:17-19, 1 ദിന 5:20, സങ്കീ 3:4, സങ്കീ 18:6, സങ്കീ 56:9. ഇന്ന് ദൈവത്തോടു മാത്രമായുള്ള ഒരു സമയം കണ്ടെത്തി കണ്ണുനീരോടുകൂടി പ്രാർത്ഥനയും യാചനയും സമർപ്പിക്കുക. ദൈവവുമായുള്ള സ്വകാര്യ സമയം കണ്ടെത്തുക.

**പ്രാർത്ഥനാശയം:** മുകളിലത്തെ വെല്ലുവിളി സ്വീകരിക്കുക.

# 35. ഫീനിക്സിന്റെ ഉയിർത്തെഴുന്നേൽപ്പ്

## ഇയ്യോബ് 42:12–17

പുരാതന ഈജിപ്ഷ്യൻ പുരാണമനുസരിച്ച്, സാങ്കൽപ്പിക പക്ഷിയായ ഫീനിക്സ് ആയിരം വർഷങ്ങളോളം ജീവിച്ചിരിക്കും. അതിനുശേഷം അതിരിക്കുന്ന കൂടിനൊപ്പം അതിനെയും തീയിട്ടു നശിപ്പിക്കും. ആ ചാരത്തിൽ നിന്നും പുതുക്കപ്പെട്ട ജീവനും ചൈതന്യവുമായി പുതിയൊരു ഫീനിക്സ് ഉയിർത്തുവരും - വീണ്ടുമൊരു ആയിരം വർഷം കൂടി ജീവിക്കാൻ. ഫീനിക്സ് ഒരു സാങ്കൽപ്പിക പക്ഷിയാണെങ്കിലും, ഇയ്യോബ് പച്ചയായ ഒരു മനുഷ്യനാണ്. അവൻ ചാക്കിലും ചാരത്തിലും എത്തിപ്പെട്ടു, ആത്മാവിൽ അണയാത്ത വേദനയുടെ കനലുകളുമായി.

തനിക്കു മുമ്പേയുണ്ടായിരുന്നതിന്റെ ഇരട്ടി വസ്തുവകകളെ നൽകി ദൈവം ഇയ്യോബിന്റെ ജീവിതത്തെ അനുഗ്രഹിച്ചു, അനുഗ്രഹിക്കപ്പെട്ട മക്കളോടൊപ്പം. നഷ്ടപ്പെട്ടവയെല്ലാം തന്നെത്തേടിവന്നു, ഇത്തവണ കൂടുതൽ ബോധ്യവും വിശ്വാസവും കൂടെക്കൂട്ടിയിട്ട്. അഞ്ചും ആറും വാക്യങ്ങളിൽ നമുക്കതു കാണാം. അങ്ങയെക്കുറിച്ച് ഒരു കേൾവി മാത്രമേ ഞാൻ കേട്ടിരുന്നുള്ളു; എന്നാലിപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു. അതിനാൽ ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു. ഒരിക്കൽക്കുടി തനിക്ക് ഈ യാതനകളും ചാരവും ചാക്കും ധരിക്കേണ്ടിവന്നിരുന്നെങ്കിൽ ഇയ്യോബ് സുമനസ്സോടെ അതു ചെയ്യുമായിരുന്നു, താൻ കേൾക്കുകമാത്രം ചെയ്തിരുന്ന ദൈവത്തെ കുറച്ചുകൂടി വ്യക്തതയോടെ കാണാൻ. കേൾവിമാത്രം ഉണ്ടായിരുന്ന ദൈവം തനിക്കിപ്പോൾ തിരിച്ചറിവായി.

നാം കടന്നു പോകുന്ന എല്ലാ വേദനകളും പ്രയാസങ്ങളും ദൈവം നൽകുന്നതോ അല്ലെങ്കിൽ നൽകപ്പെടാൻ അനുവദിക്കുന്നതോ ആയവയാണ്. ദൈവത്തെയും അവന്റെ ഹൃദയത്തെയും നാം അറിയുക എന്നൊരു ലക്ഷ്യവും അതിനുണ്ട്. നമ്മുടെ പ്രയാസങ്ങളിലും വേദനയിലും നമുക്കു ദൈവനിശ്ചയങ്ങളെ കാണാൻ കഴിയാതെ വരുമ്പോളാണ് നാം പരാജിതരാകുന്നത്. നമ്മെ വീണ്ടും ശിക്ഷണനടപടികളിലൂടെ കടത്തിവിടുന്ന വേദനാജനകമായ അവസ്ഥയിലൂടെ കടന്നുപോകാൻ ദൈവവും നിർബന്ധിതനായിത്തീരുന്നു. ദൈവത്തിന്റെ ശിക്ഷണ നടപടികൾക്ക് ഒരേ ഒരു ലക്ഷ്യമേയുള്ളൂ - നമ്മെ മികച്ചവരാക്കുക. ഞാനും നിങ്ങളും ഈ പ്രക്രിയയിലൂടെ അനുദിനമെന്നോണം കടന്നുപോകുന്നു. ദൈവത്തിന്റെ ജ്ഞാനത്താലും അറിവിനാലും മാത്രം നിശ്ചയിക്കപ്പെട്ട വ്യക്തമായ ഉദ്ധേ്യശ ലക്ഷ്യങ്ങളോടെ. ആ ലക്ഷ്യം നമുക്കു കാണാൻ കഴിയാതെവരുമ്പോൾ നാം കടന്നുപോകുന്നവ വ്യർത്ഥമായ ഒന്നായിത്തീരുന്നു.

ഇത്തരം പർവ്വങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ, ദൈവവുമായി നാം ഉത്തമബന്ധം പുലർത്തുന്നു എന്നുറപ്പിക്കുക - വചനങ്ങളിലൂടെയും, ദൈവീകരായ സുഹൃത്തുക്കളിലൂടെയും കൂടി. അവ എന്തിനെന്ന് മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുക. ജീവിതം ഉയിർത്തെഴുന്നേൽക്കപ്പെട്ട ഒന്നായിത്തീരും.

**പ്രാർത്ഥനാശയം:** ജീവിതത്തിന്റെ ഏതെല്ലാം മേഘലകളിലാണ് ദൈവത്തിന്റെ ശിക്ഷണ നടപടികൾ നിങ്ങളുടെ ജീവിതത്തിൽ കാണാൻ കഴിയുന്നത്? അതിനു വഴങ്ങാൻ ഒരുങ്ങുക.

# 36. ഹിസ്കിയാവിന്റെ പ്രാർത്ഥന

## ഏശയ്യ 37:14–20 & 36–37

നമ്മുടെ പ്രാർത്ഥനയിൽ യാചനയുടെ സ്വരമാണോ കൂടുതൽ വരുന്നത്?. ദൈവത്തെ സ്തുതിക്കുന്നതിൽ കൂടുതൽ പ്രാധാന്യം നൽകുമ്പോൾ, അതു നമ്മുടെ പ്രാർത്ഥനയ്ക്കു കൂടുതൽ ആഴം കൊണ്ടുവരും. ദാവീദും, ദാനിയേലും, മോശെയുമൊക്കെ ദൈവത്തെ സ്തുതിച്ചു പ്രാർത്ഥിക്കുന്നത് വചനത്തിൽ നാം കാണുന്നുണ്ടല്ലോ!

നന്നായി സ്തുതിച്ചു പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയണമെങ്കിൽ, ദൈവത്തെ നന്നായി നാം മനസിലാക്കണം. വചനത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങി ചെല്ലുമ്പോൾ, ദൈവത്തിന്റെ ശക്തിയും ബലവും ദൈവം തന്റെ ജനതയ്ക്കുവേണ്ടി ചെയ്തിട്ടുള്ള മഹാകാര്യങ്ങളും മനസിലാക്കുവാനും അതിലൂടെ ദൈവത്തെ സ്തുതിക്കുവാനും കഴിയും. സ്തുതിക്കുവാൻ കൂടുതൽ സമയം കണ്ടെത്തുമ്പോൾ, ദൈവത്തോട് കൂടുതൽ അടുത്ത് ചെല്ലുവാൻ സാധിക്കും. ഓരോ ദിവസവും ദൈവം നമുക്കു വേണ്ടി ചെയ്യുന്ന കാര്യങ്ങൾക്കായി സ്തുതിക്കാം. പഴയ നിയമത്തിലും, പുതിയ നിയമത്തിലും ഒരുപാട് വിശ്വാസവീരന്മാരേക്കുറിച്ചും, അവരിലൂടെ ദൈവം പ്രവർത്തിച്ച മഹദ്ക്കാര്യങ്ങളെക്കുറിച്ചും നമുക്കു ദൈവത്തെ സ്തുതിക്കാം.

14 മുതൽ 20 വരെയുള്ള വചനങ്ങളിൽ ഹിസ്കിയാവ് ദൈവത്തെ സ്തുതിക്കുന്നു. നമുക്കുമുന്നേ കടന്നുപോയ വിശ്വാസവീരന്മാർ ആരാധിച്ച ദൈവത്തെ സ്തുതിക്കുവാൻ കഴിയുന്നത് നമ്മുടെ മഹാഭാഗ്യമല്ലേ! ഇന്നേ വരെയുള്ള നമ്മുടെ ജീവിതം ഇത്ര മനോഹരമായി ചിട്ടപ്പെടുത്തിയതോർത്തും, നാം കടന്നു വന്ന പാതയിൽ നമ്മെ കരം പിടിച്ചു നടത്തിയതോർത്തും, നമ്മോടു കൃപ ചൊരിയുന്നതിനെക്കുറിച്ചോർത്തും, നമ്മുടെ ആഗ്രഹങ്ങളെയും ചിന്തകളെയും മാനിക്കുകയും, അതിനൊത്ത ഉയരത്തിലേയ്ക്കു നമ്മെ നയിക്കുന്ന ദൈവ ഹൃദയത്തിന്റെ ആഴത്തെക്കുറിച്ചോർത്തുമൊക്കെ ദൈവത്തിന് അർഹമായ സ്തുതി കരേറ്റുവാൻ തീർച്ചയായും നമുക്കു സമയം കണ്ടെത്താം.

രാവിലെ മാത്രമല്ല ഉച്ചയ്ക്കും വൈകിട്ടും രാത്രിയും, സമയം കിട്ടുമ്പോഴെല്ലാം ദൈവസ്തുതികൾ നമ്മുടെ നാവിൽ ഉണ്ടാവട്ടെ.

**പ്രാർത്ഥനാശയം:** ദൈവത്തെ സ്തുതിക്കുന്ന നല്ല ഒരു സമയമിന്നുണ്ടാവട്ടെ.

# 37. പുനരുജ്ജീവിപ്പിക്കുന്ന ദൈവം

## എസക്കിയേൽ 37:1–10

ജനത്തിന്റെ പാപം മൂലം ജെറുസലേം നശിപ്പിക്കപ്പെടുകയും അവരെല്ലാം പ്രവാസത്തിലേക്ക് പോവുകയും ചെയ്തപ്പോൾ ഇസ്രായേൽ എന്ന രാഷ്ട്രംതന്നെ ഇല്ലാതായിത്തീർന്നു. താഴ്വരയിൽ ചിതറിക്കിടന്ന ഉണങ്ങിയ അസ്ഥികൾ പോലെയായിരിന്നു ഇസ്രായേലിന്റെ അവസ്ഥ. ആ അസ്ഥികൾ ജീവൻ പ്രാപിക്കുക എന്നത് ചിന്തയ്ക്ക് അസാദ്ധ്യമായ കാര്യം തന്നെയായിരുന്നു.

പാപത്താൽ കഠിനപ്പെട്ട മനുഷ്യഹൃദയത്തിന്റെ അവസ്ഥയും ഈ ഉണങ്ങിവരണ്ട അസ്ഥികൾക്ക് സമാനം തന്നെ. പ്രത്യാശയും പ്രതീക്ഷയുമില്ലാതെ, സമാധാനവും സന്തോഷവുമില്ലാതെ, ലക്ഷ്യവും ഉറപ്പുമില്ലാതെ അലയുന്ന, പാപത്തിൽ പുതഞ്ഞ, കഠിനഹൃദയനായ മനുഷ്യൻ! അവനെ ആർക്കു രക്ഷിക്കാനാകും.

എന്നാൽ അസാദ്ധ്യമായത് എന്നും സാദ്ധ്യമാക്കുന്ന ദൈവം, തന്റെ വചനത്താലും പരിശുദ്ധാത്മാവിന്റെ ശക്തിയാലും അതിനെ, ഉണങ്ങിയ അസ്ഥികളെ, പുനരുദ്ധരിച്ച് ശക്തമായ ഒരു സൈന്യമാക്കി തീർക്കുന്നു.

ദൈവവചനത്തിന്റെ കേൾവിയിലൂടെയും അതു വിശ്വസിച്ച് അനുസരിക്കുന്നതിലൂടെയും മാത്രമേ ഒരു മനുഷ്യന് ആത്മീയമായി ജീവനുള്ളവനാകാൻ കഴിയൂ. ഒരു മനുഷ്യന്റെ അവസ്ഥ എത്ര ഉണങ്ങി വരണ്ടതായിരിന്നാലും ദൈവത്തിന്ന് ആ അവസ്ഥയിൽ പുനർജീവൻ നലകാനാവും.

**പ്രാർത്ഥനാശയം:** നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലും നടന്നുകാണുകയില്ല എന്നു തോന്നുന്ന ആത്മീയകാര്യങ്ങ ളേവയാണ്? അവ നടന്നു കാണുന്നതിനു വേണ്ടി പ്രാർത്ഥിക്കുക.

# 38. വിശ്വാസത്തിന്റെ തീച്ചൂള

### ദാനിയേൽ 3:1–29

ദാനിയേലിന്റെ പുസ്തകം ഒന്നാം അദ്ധ്യായത്തിൽ ഭക്ഷണ മാറ്റവും, പേരുമാറ്റവും ആയിരിന്നു. എന്നാൽ ഇപ്പോൾ ദൈവത്തെ മാറ്റലും. ശദ്രക്കിനും, മേശക്കിനും, അബേദ്നഗോവിനും ഇതു ജീവൻ മരണ പോരാട്ടം തന്നെയായിരുന്നു. രാജാവിന്റെ മുമ്പാകെ ഈ മൂന്നുപേരുടേയും ആരാധനയെക്കുറിച്ച് മറ്റുള്ളവർ അറിയിച്ചു. ഇവരാകട്ടെ വിസ്താരത്തിൽ അത് ഏറ്റുപറയുകയും ചെയ്തു (വാ 15). പരീക്ഷണത്തിനായി ഒരു അവസരവും കൂടി കൊടുത്തെങ്കിലും അവർ രാജാവിന്റെ വിഗ്രഹത്തെ വണങ്ങാൻ തയ്യാറായില്ല. അവരെ എന്റെ കൈയ്യിൽനിന്നും വിടുവിക്കുന്ന ദൈവത്തെ ഒന്ന് കാണണം എന്നു രാജാവും വിചാരിച്ചു. (വാ 17) അതിനുത്തരമായി ഞങ്ങൾ സേവിക്കുന്ന ദൈവം എരിയുന്നതീച്ചൂളയിൽനിന്നും തങ്ങളെ വിടുവിക്കും എന്ന് അവർ ഉറച്ച് ഏറ്റുപറഞ്ഞു. (വാ 18) തങ്ങളെ തീച്ചൂളയിൽനിന്നും വിടുവിച്ചില്ലെങ്കിലും, അവർ രാജാവിന്റെ ദേവനെ സേവിക്കുകയില്ല എന്നകാര്യം ഉറപ്പായതായിരുന്നു.

ഈ വാക്കുകൾ സംസാരിക്കാൻ എനിക്കു കഴിയാത്തത് എന്തുകൊണ്ടാണ്? ഞാൻ മരിക്കാൻ തയ്യാറല്ലാത്തതുകൊണ്ട്, ഭയമെന്നെ ഭരിക്കുന്നതുകൊണ്ട്. മേൽപ്പറഞ്ഞ ഉത്തരം കേട്ടപ്പോൾ രാജാവിന് കോപം അടക്കാനായില്ല. ശദ്രക്, മേശക്, അബേദ്നഗോ എന്നിവരെ അവരുടെ കൈകാലുകൾ ബന്ധിച്ച് എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയാൻ അവൻ ആജ്ഞാപിച്ചു. താഡ്ഢവമാടുന്ന അഗ്നിയിൽ നാലുപേർ നൃത്തം ചെയ്യുന്നതു കണ്ട നെബുക്കദ്നേസർ രാജാവ് പരിഭ്രമിച്ചുപോയി. തീ അവരെ ഒന്നും ചെയ്യുന്നില്ല, അവരെ തിരികെ കയറ്റിയപ്പോൾ തീയുടെ മണം പോലും ഉണ്ടായിരിന്നില്ല എന്നത് രാജാവിന് വിശ്വസിക്കാനായില്ല. അത്യുന്നതനാണ് ദൈവം എന്ന് നെബുക്കദ്നേസർ രാജാവ് പറഞ്ഞു. ഈ മൂന്നുപേരേയും തീച്ചൂളയിൽനിന്നും രക്ഷിച്ച ദൈവമാണ് അത്യുന്നതൻ, അവനെമാത്രമേ ആരാധിക്കാവൂ എന്ന് കല്പന കൊടുക്കുകയും ചെയ്തു.

അടിമകളാക്കി വേലചെയ്യിപ്പിക്കുന്ന വിജാതീയ രാജാവിന്റെ മുന്നിലായിരുന്നിട്ടും ഈ മൂന്നുപേരും ഉറച്ചവിശ്വാസത്തിന്റെ ഉത്തമ മാതൃകകളായി നിന്നു. നമുക്ക് അവരുടെ വിശ്വാസത്തെ അനുകരിക്കാം.

**പ്രാർത്ഥനാശയം:** ദുർഘട ഘട്ടങ്ങളിൽപ്പോലും യേശുവിലുള്ളവിശ്വാസം സധൈര്യം പങ്കുവയ്ക്കുവാനുള്ള ധീരതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

# 39. സിംഹക്കൂട്

### ദാനിയേൽ 6:13–23

നാടുകടത്തപ്പെട്ട ദാനിയേൽ ബാബിലോൺ രാജാക്കന്മാരെ വിശ്വസ്തതയോടെ സേവിച്ചുപോന്നു. മേദ്യരും പേർഷ്യക്കാരും ബാബിലോൺ കീഴടക്കിയതിനു ശേഷവും ദാനിയേൽ പുതിയ രാജാവായ ദാരിയുസിനെ വിശ്വസ്തതയോടെ സേവിച്ചു. എൺപതുവയസ്സിനുമേൽ പ്രായമായ ദാനിയേൽ ദാരിയുസ് രാജാവിന്റെ മുതിർന്ന മൂന്നുസ്ഥാനപതികളിൽ ഒരാളായിരുന്നു. രാജ്യത്തിനുമുഴുവൻ അധികാരിയായി ദാനിയേലിനെ വാഴിക്കാനുള്ള ആലോചനയിലായിരുന്നു രാജാവ്. ദാനിയേലിന്റെ ജീവിതത്തിൽ കറകളൊന്നും കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ അവന്റെ ശത്രുക്കൾ ദാനിയേലിന്റെ വിശ്വാസത്തിൽ കയറിപ്പിടിച്ചു. രാജാവിനോടല്ലാതെ വേറെ ആരോടെങ്കിലും അടുത്ത മുപ്പതു ദിവസത്തേയ്ക്ക് പ്രാർത്ഥിക്കുന്നവരെ സിംഹക്കുഴിയിൽ എറിയുവാൻ കൽപ്പനയായി. എങ്കിലും എപ്പോഴും ചെയ്തുപോന്നതുപോലെ ദാനിയേൽ മൂന്നുനേരവും ദൈവത്തോടുള്ള തന്റെ പ്രാർത്ഥന തുടർന്നുപോന്നു. പ്രാർത്ഥനയിൽ ദാനിയേൽ അച്ചട്ടായിരുന്നു, അതു തന്റെ ശത്രുക്കളായ സഹപ്രവർത്തകരിൽ നിന്നും മറച്ചുവയ്ക്കാൻ അവൻ തയ്യാറായതുമില്ല. പുതിയതായി വന്ന

നിയമത്തെ താൻ ധിക്കരിക്കുകയാണന്നറിയാമായിരുന്നെങ്കിലും ദൈവത്തിനുമാത്രമാണ് ഈ പ്രയാസകാലത്തിൽ തന്നെ വഴിനടത്താനാവുന്നതെന്ന അറിവ് ദാനിയേലിനുണ്ടായിരുന്നു.

എന്തും ചെയ്യാനുള്ള കഴിവു നമ്മുടെ ദൈവത്തിനുണ്ട്, സിംഹത്തിന്റെ വായടക്കുന്നതുൾപ്പെടെ. ദൈവത്തിൽ ആശ്രയിക്കുന്നവരും അവിടത്തെ ഇഷ്ടം നിറവേറുന്നവരും അജയ്യരാണ്. ദാനിയേലിന്റെ വിശ്വസ്തത അനേകർക്കു പ്രചോദനമായി. ദാനിയേലിനെപ്പോടെ അച്ചടക്കമുള്ള ഒരു പ്രാർത്ഥനാജീവിതം നിങ്ങൾക്കുണ്ടോ? ദൈവവുമായുള്ള സമയം വിട്ടുകളയാൻ നിങ്ങളെ പ്രേരപ്പിക്കുന്ന സമ്മർദ്ദങ്ങൾ ഏതൊക്കെയാണ്. പൂർണ്ണ ഹൃദയത്തോടെ ദൈവത്തിൽ ആശ്രയിക്കുക, സ്വന്ത വിവേകത്തിൽ ആശ്രയിക്കരുത് (സദൃ 3:5). സിംഹത്തിന്റെ കുഴിയിൽനിന്നും പോറലുപോലുമേൽക്കാതെ പുറത്തുവരുന്നതിനെക്കുറിച്ച് ഒന്നു സങ്കൽപ്പിച്ചു നോക്കുക. ദൈവത്തിൽ ആശ്രയിക്കുമ്പോൾ അളന്നുതിട്ടപ്പെടുത്താനാവാത്ത സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ കുടികൊള്ളാനിടയാകും. ദാനിയേലിനെ രക്ഷിച്ചദൈവം നിങ്ങളെയും രക്ഷിക്കും. നിങ്ങളുടെ ജീവിതത്തിന്റെ താക്കോൽ അവനെഏല്പ്പിച്ചിട്ടുണ്ടോ?

**പ്രാർത്ഥനാശയം:** നിങ്ങളുടെ പ്രാർത്ഥനാജീവിതത്തിന് അടുക്കും ചിട്ടയും കൊണ്ടുവരുവാൻ ദൃഢനിശ്ചയം ചെയ്യുക. ഇക്കാര്യത്തിൽ നീതിപുലർത്തുക.

# 40. ദൈവത്തിന്റെ കരുണയും പാപപ്പൊറുതിയും

**യോനാ 4:1–11**

നിനവേപട്ടണത്തിൽ ചെന്ന് പ്രസംഗിക്കാനായി ദൈവം യോനായെ വിളിച്ചു. യോനായാവട്ടെ ഭീകരതയോടെയാണ് ആവിളിയെ കണ്ടത് - കാരണം നിനവേ പട്ടണം ഇസ്രായേലിന്റെ പേടിസ്വപ്നമായിരുന്നു. അനേകം ക്രൂരപ്രവർത്തികളിലൂടെ നിനവേക്കാർ തങ്ങളുടെ സൈന്യബലം ഇസ്രായേലിനോടു കാണിച്ചുപോന്നതായിരുന്നു. ആനാട്ടിൽചെന്ന് അവരോടു മാനസാന്തരപ്പെടുവാൻ ആവശ്യപ്പെടാൻ യഹോവ തന്നോടു കൽപ്പിച്ചപ്പോൾ യോനാ ഭയന്ന് താൻ പോകേണ്ട ദിശയുടെ എതിർദിശയിലേക്ക് ഒളിച്ചോടി. എന്നാൽ ദൈവത്തിന്റെ പദ്ധതികൾ പഴുതില്ലാത്തവയാണ്, അവിടന്ന് യോനായെ നിനവേയിലേക്കെത്തിച്ചു, അവിടുത്തെ പ്രവർത്തി ചെയ്യിച്ചു. ദൈവത്തിന്റെ ശിക്ഷണനടപടികൾ യോനായുടെ ഹൃദയത്തിൽ മാറ്റമുണ്ടാക്കി.

എന്തുകൊണ്ടാണ് ദൈവം നിനവേയോടു കാണിച്ചകരുണ യോനായെ കോപാകുലനാക്കിയത്? ആകാലഘട്ടത്തിൽ വിജാതീയരോടു ദൈവസന്ദേശം പങ്കുവയ്ക്കാൻ ഇസ്രായേല്യർ തയ്യാറല്ലായിരുന്നു. ഇസ്രായേലിലൂടെ ദൈവത്തന്റെ മഹത്വം ജാതികൾ മനസ്സിലാക്കണമെന്ന ദൈവനിശ്ചയം അവർ ഓർത്തില്ല (ഉൽപ്പത്തി 22:18). ദൈവം തന്റെ അമൂല്യമായരക്ഷ ദുഷ്ടരായ ജാതികൾക്ക് സമ്മാനമായിക്കൊടുക്കുന്നതു ശരിയല്ല എന്ന് യോനാ ചിന്തിച്ചുകാണും. ദൈവം തങ്ങളുടേതുമാത്രമല്ല, ലോകത്തിന്റേതു മുഴുവൻ ദൈവവും കൂടിയാണന്നകാര്യം യോനാ മറന്നു. പാപപ്പൊറുതി നമ്മുടെ അവകാശമല്ല, അത് അവിടത്തെ കരുണമാത്രമാണ്.

തന്നെ ദൈവം മത്സ്യത്തിന്റെ വായിൽനിന്നും രക്ഷിച്ചതിനേക്കുറിച്ചോർത്തു സന്തോഷിച്ച യോനയ്ക്ക്, നിനവേവാസികൾക്ക് ദൈവം രക്ഷ കൊണ്ടുവന്നതിനേക്കുറിച്ചോർത്ത് കോപമാണുണ്ടായത്. മറ്റുള്ളവർക്ക് അനുഗ്രഹം ലഭിക്കുമ്പോൾ നമുക്കതു കിട്ടിയതുപോലുള്ള സന്തോഷം നമുക്കുണ്ടോ? ദൈവത്തിന്റെ വീണ്ടെടുപ്പ് യോനയ്ക്കോ, ഇസ്രായേലിനോ, എനിക്കോ മാത്രമുള്ളതല്ല, വിശ്വസിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുന്ന ഏവർക്കുമുള്ളതാണ്. കരുണയ്ക്കായി യാചിച്ച നാവികരോടു ദൈവം കരുണ കാണിച്ചു. മത്സ്യത്തിനകത്തിരുന്നു മാനസാന്തപ്പെട്ട യോനായോടും. നിനവേയോടു മനസ്സലിവു കാണിച്ചതുപോലെ. ദൈവം തന്നെ വിളിച്ചപേക്ഷിക്കുന്നവരോടു കരുണ കാണിക്കുന്നു. എല്ലാവരും രക്ഷപ്രാപിക്കണനമെന്ന് ദൈവം ആഗഹിക്കുന്നു. അനുസരണയോടെയുള്ള ഒരു പ്രതികരണം അവിടത്തെ കൃപനമ്മിലേക്കൊഴുക്കുന്നു. എന്നോടുക്ഷമിച്ചതിനു നന്ദിദൈവമേയെന്ന് നമുക്കൊരുമിച്ചു പ്രകീർത്തിക്കാം.

**പ്രാർത്ഥനാശയം:** സ്വർഗ്ഗത്തെക്കുറിച്ചോർത്തു ദൈവത്തെ സ്തുതിക്കുക.